22
വ്യാഴം
ഡിസംബർ 2022
1198 ധനു 07
Vol.4 Issue No.164

# കേരള പ്രണാമം

സത്യം വദ: ധർമ്മം ചര:

തിരുവനന്തപുരം കൊല്ലം പത്തനംതിട്ട ആലപ്പുഴ കോട്ടയം ഇടുക്കി എറണാകുളം തൃശൂർ പാലക്കാട് മലപ്പുറം കോഴിക്കോട് വയനാട് കണ്ണൂർ കാസർഗോഡ്

₹ 7.50
പേജ് 08
www.keralapranamam.com
infokeralapranamam@gmail.com



## സിബിഎസ്ഇ വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ശ്രദ്ധയ്ക്ക്, മുന്നറിയിപ്പുമായി കേരള പൊലീസ്

**തിരുവനന്തപുരം:** സിബിഎസ്ഇ സിലബസ് വിദ്യാർത്ഥികളുടെയും അവരുടെ രക്ഷിതാക്കളുടെയും ശ്രദ്ധയ്ക്ക് മുന്നറിയിപ്പുമായി കേരള പൊലീസ്.സെൻട്രൽ ബോർഡ് ഒഫ് സെക്കൻഡറി എജ്യുക്കേഷന്റെ പേരിൽ വ്യാജ വെബ്സൈറ്റ് പ്രവർത്തിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടെന്നും, വിദ്യാർത്ഥികളും സ്കൂളുകളും രക്ഷിതാക്കളും ബോർഡ് നിർദേശങ്ങൾ മാത്രം പിന്തുടരണമെന്ന് സിബിഎസ്ഇ നിർദേശം നൽകിയിട്ടുണ്ടെന്ന് കേരളെ പൊലീസ് തങ്ങളുടെ ഫേസ്ബുക്ക് കുറിപ്പിൽ വ്യക്തമാക്കി.

പോസ്റ്റിന്റെ പൂർണരൂപം-

''സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എജ്യുക്കേഷന്റെ പേരിൽ വ്യാജ വെബ്സൈറ്റ് പ്രവർത്തിക്കുന്നതായി ബോർഡിന്റെ മുന്നറിയിപ്പ്. ഔദ്യോഗിക വെബ്സൈറ്റെന്ന വ്യാജേന രയലെഴ്ീ.രീ എന്ന വിലാസത്തിലാണ് വെബ്സൈറ്റ്. ബോർഡിന്റെ യഥാർത്ഥ വെബ്സൈറ്റ് ംംം.രയലെ.ഴീ.ശി ആണെന്നും വിദ്യാർത്ഥികളും സ്കൂളുകളും രക്ഷിതാക്കളും ഇതുവഴി ലഭിക്കുന്ന നിർദേശങ്ങൾ മാത്രം പിന്തുടരണമെന്നും ബോർഡ് അധികൃതർ മുന്നറിയിപ്പ് നൽകിയിട്ടുണ്ട്''.



*ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്ത് പ്രധാനമന്ത്രിയുമായി കൂടിക്കാഴ്ച നടത്തുന്നു. വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ, ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ എന്നിവർ ഒപ്പം.*

## ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്ത് പ്രധാനമന്ത്രിയെ സന്ദർശിച്ചു

**ന്യൂഡൽഹി:** സിബിസിഐയുടെ പുതിയ പ്രസിഡന്റ് ആർച്ച് ബിഷപ് ആൻഡ്രൂസ് താഴത്ത് പ്രധാനമന്ത്രിയെ സന്ദർശിച്ചു. വിദേശകാര്യ സഹമന്ത്രി വി. മുരളീധരനും ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖറിനും ഒപ്പമാണ് ആൻഡ്രൂസ് താഴത്ത് നരേന്ദ്ര മോദിയുമായി കൂടിക്കാഴ്ച നടത്തിയത്.

മാർപാപ്പയുടെ ഇന്ത്യാ സന്ദർശനം സംബന്ധിച്ച ആവശ്യം ആൻഡ്രൂസ് താഴത്ത് പ്രധാനമന്ത്രിയെ അറിയിച്ചു. ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിക്കാമെന്ന് പ്രധാനമന്ത്രി അദ്ദേഹത്തിന് ഉറപ്പുനൽകി. കൂടിക്കാഴ്ച 15 മിനിറ്റോളം നീണ്ടുനിന്നു.

# കോവിഡ് അവസാനിച്ചിട്ടില്ല, മാസ്ക് തുടരണം; രാജ്യത്ത് പ്രതിരോധം ശക്തമാക്കണമെന്ന് കേന്ദ്ര സർക്കാർ

**ന്യൂഡൽഹി:** ചൈനയിൽ കോവിഡ് കേസുകൾ കുതിക്കുന്ന പശ്ചാത്തലത്തിൽ ഇന്ത്യയിലും ജാഗ്രത കടുപ്പിക്കുന്നു. രാജ്യത്ത് കോവിഡ് പ്രതിരോധം ശക്തമാക്കണമെന്ന് വ്യക്തമാക്കിയിരിക്കുകയാണ് കേന്ദ്ര ആരോഗ്യമന്ത്രാലയം. പൊതുയിടങ്ങളിൽ മാസ്ക് ധരിക്കുന്നത് വീണ്ടും തുടരണമെന്നും നിർദേശമുണ്ട്. രാജ്യത്തെ കോവിഡ് സാഹചര്യം മുൻനിർത്തി കേന്ദ്രആരോഗ്യ മന്ത്രി മൻസൂഖ് മാണ്ഡവ്യ വിളിച്ചു ചേർത്ത യോഗത്തിലാണ് സുപ്രധാന തീരുമാനങ്ങൾ എടുത്തിരിക്കുന്നത്.

കോവിഡ് ഇതുവരെയും അവസാനിച്ചിട്ടില്ലെന്നും ജാഗ്രത പാലിക്കാനും നിരീക്ഷണം ശക്തമാക്കാനും നിർദേശിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഏതുസാഹചര്യത്തെയും നേരിടാൻ സജ്ജമാണെന്നും മന്ത്രി അറിയിച്ചു.

ആൾക്കൂട്ടമുള്ള ഇടങ്ങളിൽ(അകത്തും പുറത്തും) മാസ്ക് ധരിക്കുന്നത് തുടരണമെന്ന് നീതി ആയോഗ് അംഗമായ ഡോ.വി.കെ പോൾ യോഗത്തിനുശേഷം വ്യക്തമാക്കി. രോഗങ്ങൾ ഉള്ളവരും മുതിർന്നവരിലും ഇക്കാര്യം പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു.

ബൂസ്റ്റർഷോട്ടുകൾ സ്വീകരിക്കാൻ വൈകരുതെന്നും മുതിർന്ന പൗരന്മാർ അക്കാര്യത്തിൽ വിട്ടുവീഴ്ച്ച ചെയ്യരുതെന്നും അദ്ദേഹം പറഞ്ഞു. ഇതുവരെ 27-28 ശതമാനം പേർ മാത്രമാണ് മുൻകരുതൽ ഡോസ് സ്വീകരിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

പുതിയ വകഭേദങ്ങൾ തിരിച്ചറിയുന്നത് സുഗമമാക്കുന്നതിനായി കോവിഡ് പോസിറ്റീവ് കേസുകളുടെ സാമ്പിളുകൾ കചടഅഇഛഏ ലാബുകളിലേക്ക് അയക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്. ആരോഗ്യവിഭാഗം സെക്രട്ടറിമാർ, ഫാർമസ്യൂട്ടിക്കൽസ് ഡിപ്പാർട്മെന്റ്, ബയോടെക്നോളജി ഡിപ്പാർട്മെന്റ്, ആയുഷ്, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്, നീതി ആയോഗ് അംഗം ഡോ.വി.കെ പോൾ തുടങ്ങിയവരാണ് യോഗത്തിൽ പങ്കെടുത്തത്.


ചൈനയ്ക്ക് പുറമെ, ജപ്പാൻ, അമേരിക്ക, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിലും കോവിഡ് കേസുകൾ ഉയരുകയാണ്. ബീജിങ്ങിൽ നാൽപതുശതമാനത്തിലധികം പേരും കോവിഡ് ബാധിതരാണ് എന്നാണ് റിപ്പോർട്ടുകൾ വരുന്നത്. സ്ഥിതി ഗുരുതരമായതോടെ ചെറിയ ലക്ഷണങ്ങൾ ഉള്ളവർ പോലും ആശങ്കയാൽ ആശുപത്രിയിലേക്ക് പായുകയാണ്.

പ്രതിഷേധങ്ങളെത്തുടർന്ന് സീറോ കോവിഡ് നയത്തിൽ ചൈനീസ് ഭരണകൂടം ഇളവ് നൽകിയിരുന്നു. ഇതിന് പിന്നാലെ പുതിയ കേസുകളിൽ വൻ വർധനയാണ് രാജ്യത്തുണ്ടായത്. കോവിഡ് മൂലമുള്ള മരണം ചൈന മറച്ചുവെക്കുന്നുവെന്ന ആരോപണവുമുണ്ട്.

## കോവിഡ് ജാഗ്രത പാലിക്കാൻ കഴിയില്ലെങ്കിൽ ഭാരത് ജോഡോ യാത്ര മാറ്റിവെക്കണം; രാഹുലിനോട് കേന്ദ്രം

**ന്യൂഡൽഹി:** ഭാരത് ജോഡോ യാത്രയിൽ കോവിഡ് മുൻകരുതലുകൾ കർശനമായി പാലിക്കണമെന്ന് കോൺഗ്രസ് നേതാക്കളോട് കേന്ദ്ര സർക്കാർ. ഇക്കാര്യം നിർദ്ദേശിച്ച് രാഹുൽഗാന്ധി, രാജസ്ഥാൻ മുഖ്യമന്ത്രി അശോക് ഗെഹ്ലോത് എന്നിവർക്ക് കേന്ദ്ര ആരോഗ്യമന്ത്രി മൻസുഖ് മാണ്ഡവ്യ കത്തയച്ചു. യാത്രയിൽ മാസ്ക്, സാനിറ്റൈസർ എന്നിവയുടെ ഉപയോഗം കർശനമാക്കണം. കോവിഡ് വാക്സിൻ സ്വീകരിച്ചവരെ മാത്രമെ യാത്രയിൽ പങ്കെടുപ്പിക്കാവൂ.

കോവിഡ് മുൻകരുതൽ സ്വീകരിക്കാൻ സാധിക്കാത്തപക്ഷം രാജ്യതാത്പര്യം മുൻനിർത്തി യാത്ര മാറ്റിവെക്കാൻ തയ്യാറാകണമെന്നും കേന്ദ്രമന്ത്രി അഭ്യർഥിച്ചിട്ടുണ്ട്. പൊതുജനാരോഗ്യ പ്രശ്നം ഗൗരവമായി കാണണമെന്നാണ് കേന്ദ്ര നിർദ്ദേശം. അതിനിടെ മറ്റുരാജ്യങ്ങളിലെ കോവിഡ് സാഹചര്യം ഗൗരവമായി വിലയിരുത്തുകയാണെന്ന് കേന്ദ്ര ആരോഗ്യ സഹമന്ത്രി ഡോ. ബി ഭാരതി പ്രവീൺ പവാർ മാധ്യമങ്ങളോട് പറഞ്ഞു. കേന്ദ്ര ആരോഗ്യമന്ത്രിയുടെ അധ്യക്ഷതയിൽ ഉന്നതതല യോഗം ചേരുന്നുണ്ട് ഇന്ത്യയിൽ സ്വീകരിക്കേണ്ട മുൻകരുതലുകൾ യോഗം ചർച്ചചെയ്യുമെന്നും അവർ പറഞ്ഞു.




## ചൈനയിൽ പടരുന്ന ഒമിക്രോൺ ബിഎസ് 7 വകഭേദം ഇന്ത്യയിലും സ്ഥിരീകരിച്ചു

**ന്യൂഡൽഹി:** ചൈനയിൽ പടരുന്ന കൊറോണ വൈറസിൻറെ ഒമിക്രോൺ ബി.എഫ്-7 എന്ന വകഭേദം ഇന്ത്യയിലും സ്ഥിരീകരിച്ചു. ഗുജറാത്തിൽ രണ്ട് കേസും ഒഡീഷയിൽ ഒരു കേസുമാണ് സ്ഥിരീകരിച്ചത്. അതിവേഗവ്യാപനമാണ് വകഭേദത്തിന്റെ പ്രത്യേകത. പനി, ചുമ എന്നിവയാണ് പ്രധാന ലക്ഷണങ്ങൾ.

പുതിയ വകഭേദം സ്ഥിരീകരിച്ചതിനു പിന്നാലെ രാജ്യത്തെ വിമാനത്താവളങ്ങളിൽ പരിശോധന ആരംഭിച്ചിട്ടുണ്ട്. വിദേശത്ത് നിന്നെത്തുന്നവരിൽ യാത്രക്കാരുടെ സംഘത്തിൽ നിന്ന് ചിലരെ പരിശോധിച്ച് ആർക്കെങ്കിലും കോവിഡ് സ്ഥിരീകരിക്കുകയാണെങ്കിൽ ബാക്കിയുള്ളവരെ കൂടി പരിശോധിക്കുകയും നിരീക്ഷണത്തിലേക്ക് മാറ്റുകയും ചെയ്യുന്ന നടപടിയിലേക്ക് കേന്ദ്രം കടന്നിരിക്കുകയാണ്.

### ആശാൻ

ചൈനയിൽ പടരുന്ന ഒമിക്രോൺ ബിഎസ് 7 വകഭേദം ഇന്ത്യയിലും സ്ഥിരീകരിച്ചു



അത് പിന്നെ എടുത്ത് പറയണോ? എപ്പൊ വന്നു എന്ന് ചോദിച്ചാൽ മതി

വിഷ്വൽ നാടൻപാട്ട്
ശംഖൊലി
സംവിധാനം: Dr. നിരണം രാജൻ
നിരണം പി.ഒ., തിരുവല്ല, പത്തനംതിട്ട
Ph: 98470 31647
ലൈറ്റ്, സൗണ്ട് സിസ്റ്റം & ലൈവ് വിഷ്വൽ ഉൾപ്പെടെ പതിനെട്ടോളം അംഗങ്ങൾ.



കേരള പ്രണാമം
editorialkeralapranamam@gmail.com

സത്യം വദ: ധർമ്മം ചര:

## നേർക്കാഴ്ച


ലോകത്തിന്റെ വെളിച്ചമാണ് പുസ്തകങ്ങൾ

മഹാത്മാ ഗാന്ധി



## ആശങ്കകളും , വിവാദങ്ങളും മാറ്റണം

കേരളത്തിലെ പരിസ്ഥിതിലോല മേഖല നിർണയിക്കുന്നതുമായി ബന്ധപ്പെട്ട് ഏറെ നാളായി തർക്കങ്ങളും വിവാദങ്ങളും നിലനിൽക്കുകയാണ് തങ്ങളുടെ ജീവിതവുമായി നേരിട്ടു ബന്ധപ്പെട്ടതായതിനാൽ ഈ പ്രദേശങ്ങളിലെ ജനങ്ങൾക്കാകട്ടെ ആശങ്ക തുടരുകയുമാണ്. കേരളത്തിൽ വന്യജീവി സങ്കേതങ്ങൾ, ദേശീയ ഉദ്യാനങ്ങൾ എന്നിവയ്ക്കു ചുറ്റും ഒരു കിലോമീറ്റർ വീതിയിൽ ബഫർസോൺ വേണമെന്ന സുപ്രിംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സർക്കാർ വിശദമായ പഠനം നടത്തിയിരുന്നു. തുടർന്ന് സംസ്ഥാന റിമോട്ട് സെൻസിങ് ആൻഡ് എൻവിറോൺമെന്റ് സെന്റർ തയാറാക്കിയ റിപ്പോർട്ട് അടിമുടി തകരാറുള്ളതാണെന്ന് ആക്ഷേപം ഉയരുകയാണ്. റിപ്പോർട്ടിനേക്കുറിച്ച് പഠിക്കാൻ ജസ്റ്റിസ് തോട്ടത്തിൽ ബി. രാധാകൃഷ്ണന്റെ നേതൃത്വത്തിൽ വിദഗ്ധ സമിതിയെ നിയോഗിച്ചു. എന്നാൽ, സമിതി പരിശോധിച്ചു സമർപ്പിച്ച റിപ്പോർട്ടിലും അവ്യക്തതകൾ നിലനിൽക്കുന്നതോടെ മലയോരമേഖലയിലാകെ ആശങ്കയും അസ്വസ്ഥതയും പടരുകയാണ്. സംരക്ഷിത മേഖലയ്ക്കു ചുറ്റുമുള്ള ഭൂമി ഉപയോഗം, വീടുകൾ, കെട്ടിടങ്ങൾ, വാണിജ്യ കെട്ടിടങ്ങൾ, പൊതു മന്ദിരങ്ങൾ, കൃഷി ഭൂമി, വ്യവസായങ്ങൾ തുടങ്ങിയവ സംബന്ധിച്ച വിശദവിവരങ്ങൾ നൽകണമെന്നാണ് സുപ്രിം കോടതിയുടെ നിർദേശം. ഉപഗ്രഹചിത്രങ്ങളുടെ സഹായത്തോടെയാണ് റിപ്പോർട്ട് തയാറാക്കിയത്. പരിസ്ഥിതി ലോല മേഖലയിലെ നിർമാണങ്ങൾ, കെട്ടിടങ്ങൾ, വീടുകൾ തുടങ്ങിയവ റിപ്പോർട്ടിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടില്ലെന്നു ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒരു കിലോമീറ്ററിനപ്പുറത്തുള്ള ചില പ്രദേശങ്ങൾ ബഫർസോണിൽ ഉൾപെടുത്തിയിട്ടുമുണ്ട്. ഇതുമൂലം തങ്ങളുടെ വീടും വസ്തുവും ബഫർസോണിലോ പുറത്തോ എന്നറിയാതെ കുഴങ്ങുകയാണ് ജനങ്ങൾ. മിക്ക ചെറിയ കെട്ടിടങ്ങളും റിപ്പോർട്ടിനൊപ്പമുള്ള ചിത്രങ്ങളിൽ വ്യക്തമല്ല. ആദ്യ റിപ്പോർട്ടിനേക്കുറിച്ച് പരാതിയുണ്ടായപ്പോഴാണ് വിദഗ്ധ സമിതിയെ നിയോഗിച്ചത്. വേണമെങ്കിൽ സ്ഥലപരിശോധന നടത്തി പിശകുകൾ പരിഹരിക്കാനാണ് സമിതിയെ നിയോഗിച്ചതെങ്കിലും അത്തരം ഇടപെടലുകളൊന്നും ഉണ്ടായതായി സൂചനയില്ല. പക്ഷേ, വിദഗ്ധ സമിതിയുടെ ഇടപെടൽ കൊണ്ടാണ് റിപ്പോർട്ട് ഇപ്പോഴെങ്കിലും പ്രസിദ്ധീകരിച്ചത്. റിപ്പോർട്ട് മൂന്നു മാസം മുൻപ് വനം വകുപ്പിനു ലഭിച്ചിരുന്നു. പക്ഷേ, എന്തുകൊണ്ടോ അതു വെളിച്ചം കണ്ടില്ല. ഈ കാലതാമസം ജനങ്ങൾക്കു വിനയായെന്നു സാരം. റിപ്പോർട്ട് വിവാദമായതോടെ അതിൽ അനുബന്ധ വിവരങ്ങൾ ചേർക്കാൻ വനം വകുപ്പ് തീരുമാനിച്ചിരിക്കുകയാണ്. എന്നാൽ, ഈ കേസ് സുപ്രിം കോടതി അടുത്തമാസം 11-ന് പരിഗണിച്ചേക്കുമെന്നാണ് കരുതുന്നത്. അതിനു മുൻപായി ഈ മാസം 23-നകം റിപ്പോർട്ട് സംബന്ധിച്ച പരാതി സമർപ്പിക്കണമെന്നാണ് സർക്കാർ അറിയിച്ചിട്ടുള്ളത്. റിപ്പോർട്ടും അനുബന്ധ റിപ്പോർട്ടും പരിശോധിച്ച ശേഷം ഈ ചുരുങ്ങിയ കാലാവധിക്കുള്ളിൽ ആക്ഷേപങ്ങൾ അറിയിക്കാൻ എല്ലാവർക്കും സാധിക്കുമോ എന്നു സംശയമാണ്. ബഫർസോൺ മേഖലയിൽ ഫീൽഡ് തലത്തിൽ പരിശോധന നടത്താതെ റിപ്പോർട്ടിലെ അപാകത പരിഹരിക്കാനാവില്ലെന്നാണ് ജനം ചൂണ്ടിക്കാട്ടുന്നത്. ബഫർസോണിൽ ഭൂരിപക്ഷവും കാർഷിക മേഖലയിലാണ്. പലവിധ പ്രതിസന്ധികളോട് പടവെട്ടി ജീവിക്കുന്നവരാണ് കുടിയേറ്റ മേഖലയിലുള്ള കർഷകർ. അവരെ ഇത്തരം പ്രതിസന്ധികളിലേക്ക് വലിച്ചിഴയ്ക്കുന്നത് ഭൂഷണമല്ല. ബഫർസോൺ സംബന്ധിച്ച റിപ്പോർട്ട്കുറ്റമറ്റ രീതിയിൽ തയാറാക്കാൻ സർക്കാർ മുൻകൈയെടുക്കുമെന്നാണ് ജനങ്ങളുടെ പ്രതീക്ഷ.



# ഉയർന്ന സാമൂഹിക പുരോഗതി നേടിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ കേരളത്തിന് ഒമ്പതാംസ്ഥാനം

**ന്യൂഡൽഹി:** പ്രധാനമന്ത്രിയുടെ സാമ്പത്തിക ഉപദേശക കൗൺസിൽ പുറത്തിറക്കിയ സംസ്ഥാനങ്ങളുടെയും ജില്ലകളുടെയും സാമൂഹിക പുരോഗതി സൂചികയിൽ നേട്ടവുമായി കേരളം. വളരെ ഉയർന്ന സാമൂഹിക പുരോഗതിനേടിയ സംസ്ഥാനങ്ങളുടെ വിഭാഗത്തിൽ കേരളം ഒമ്പതാംസ്ഥാനം നേടി.

കേന്ദ്രഭരണ പ്രദേശങ്ങളായ പുതുച്ചേരിയും (65.99) ലക്ഷദ്വീപുമാണ് (65.89) ഒന്നും രണ്ടും സ്ഥാനത്ത്. സൂചികയിൽ 65-ലേറെ സ്കോർ നേടിയ ഗോവ (65.53), സിക്കിം (65.10) എന്നീ സംസ്ഥാനങ്ങൾക്കാണ് യഥാക്രമം മൂന്നും നാലും റാങ്ക്. മിസോറം (64.15) അഞ്ചും തമിഴ്നാട് (63.33) ആറും ഹിമാചൽ പ്രദേശ് (63.28) ഏഴും ചണ്ഡീഗഢ് (62.37) എട്ടും റാങ്ക് നേടി. കേരളത്തിന് 62.05 സ്കോറാണുള്ളത്. ഒമ്പതാം സ്ഥാനത്തെ കേരളവും പത്താമതുള്ള ജമ്മു കശ്മീരും തമ്മിൽ ഒന്നര സ്കോറോളം വ്യത്യാസവുമുണ്ട്. വളരെ കുറഞ്ഞ സാമൂഹിക പുരോഗതി വിഭാഗത്തിലുള്ളത് ഝാർഖണ്ഡ് (43.95), ബിഹാർ (44.47), അസം (44.92) എന്നീ സംസ്ഥാനങ്ങളാണ് .

അടിസ്ഥാന ആവശ്യങ്ങൾ, ക്ഷേമ അടിത്തറ, അവസരങ്ങൾ എന്നീ മൂന്ന് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ് സംസ്ഥാനങ്ങളെയും ജില്ലകളെയും വിലയിരുത്തിയത്. ഇതിന്റെ അടിസ്ഥാനത്തിൽ സ്കോർ നിശ്ചയിച്ച് സാമൂഹിക പുരോഗതിയെ ആറായി റാങ്ക് തിരിച്ചു.

ശ്രേണി 1: വളരെ ഉയർന്ന സാമൂഹികപുരോഗതി, ശ്രേണി 2: ഉയർന്ന സാമൂഹികപുരോഗതി, ശ്രേണി 3: ഉയർന്ന മധ്യവർഗ സാമൂഹികപുരോഗതി, ശ്രേണി 4: താഴ്ന്ന മധ്യവർഗ സാമൂഹികപുരോഗതി, ശ്രേണി 5: കുറഞ്ഞ സാമൂഹികപുരോഗതി, ശ്രേണി 6: വളരെ കുറഞ്ഞ സാമൂഹികപുരോഗതി എന്നിങ്ങനെയാണ് വിഭജനം.

ആഗോളതലത്തിൽ സാമൂഹികപുരോഗതി സൂചികയിൽ ഇന്ത്യ 110-ാം റാങ്കിലാണ്. 60.19 സ്കോറുള്ള ഇന്ത്യ നാലാം ശ്രേണി വിഭാഗത്തിലാണ് ഉൾപ്പെടുന്നത്.

പോഷകാഹാരത്തിലും പരിചരണത്തിലും മുന്നിൽ; ആരോഗ്യ സൗഖ്യമില്ലാതെ കേരളം

ന്യൂഡൽഹി: പോഷകാഹാരലഭ്യതയിലും ആരോഗ്യപരിചരണരംഗത്തും കേരളം മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് ഏറെ മുന്നിലെന്ന് സാമൂഹികപുരോഗതി റിപ്പോർട്ടിൽ പറയുന്നു.

ഈ രണ്ടുമാനദണ്ഡങ്ങളിലും കേരളത്തിന്റെ സ്കോർ 67.88 ആണ്. രണ്ടാംസ്ഥാനത്തുള്ള ലക്ഷദ്വീപിന് 66.58-ഉം മൂന്നാമതുള്ള സിക്കിമിന്-65.57-ഉം സ്കോർ ലഭിച്ചു. ദേശീയ ശരാശരി 49.22 ആണ്. അതേസമയം, ആരോഗ്യസൗഖ്യത്തിന്റെ കാര്യത്തിൽ രാജ്യത്ത് ഏറ്റവും പിറകിലാണ് കേരളം. ജീവിതശൈലീ രോഗങ്ങൾ ഏറ്റവും ദോഷകരമായി ബാധിച്ചിരിക്കുന്നത് സംസ്ഥാനത്തെയാണ്.

പോഷകാഹാരം, ആരോഗ്യപരിചരണം എന്നിവയിൽ ദേശീയശരാശരിയിലും കൂടുതൽ സ്കോർ ലഭിച്ച 340 ജില്ലകളിൽ പത്തനംതിട്ട (63.09), കോഴിക്കോട്(62.21), തിരുവനന്തപുരം(62.03) എന്നിവയാണ് ഏറ്റവും മുന്നിലുള്ളത്. കേരളത്തിലെ എല്ലാ ജില്ലകളും ദേശീയ ശരാശരിയെക്കാളും ഏറെ മുന്നിലാണ്.

സ്ത്രീകളിലെ വിളർച്ച പിടിച്ചുനിർത്താൻ കേരളത്തിന് സാധിച്ചതും ഏറ്റവും കുറഞ്ഞ മാതൃ, ശിശു മരണനിരക്കും ഈ രംഗത്ത് സംസ്ഥാനത്തെ മുന്നിലെത്തിച്ചു.

പോഷകാഹാരലഭ്യതയിൽ പത്തനംതിട്ടയാണ് മുന്നിൽ. 6-23 മാസം പ്രായമുള്ള 50.1 ശതമാനം കുട്ടികൾക്കും ആവശ്യമായ പോഷകാഹാരം ലഭിക്കുന്നുണ്ട്.

ഉയർന്ന സാമൂഹിക പുരോഗതി കൈവരിച്ചിട്ടുണ്ടെങ്കിലും കേരളത്തിൽ ആരോഗ്യസൗഖ്യം കുറയാൻ മുഖ്യകാരണം പ്രമേഹവും രക്താതിസമ്മർദവുമാണ്. ദേശീയ ശരാശരിയായ 53.99-നെക്കാളും പിറകിൽ 34.4 ആണ് ആരോഗ്യസൗഖ്യത്തിൽ സംസ്ഥാനത്തിന്റെ സ്കോർ. പുതുച്ചേരിയുടേത് 37.1-ഉം ആന്ധ്രപ്രദേശിന്റേത് 39.17-ഉം ആണ്. പ്രമേഹം, ഉയർന്ന രക്തസമ്മർദം, അമിതവണ്ണം, ഗുരുതര ശ്വാസകോശരോഗങ്ങൾ, കുഷ്ഠം, എച്ച്.ഐ.വി., കുട്ടികളിലെ പ്രതിരോധ കുത്തിവെപ്പ്, ആയുർദൈർഘ്യം എന്നിവയാണ് ആരോഗ്യസൗഖ്യ സൂചിക കണക്കാക്കാൻ അടിസ്ഥാനമാക്കിയത്.



## മണിപ്പുരിൽ ബസ് അപകടത്തിൽ ഏഴ് വിദ്യാർഥികൾ മരിച്ചു; നിരവധി പേരുടെ നില ഗുരുതരം

**ഇംഫാൽ:** മണിപ്പുരിൽ ബസ് അപകടത്തിൽ നിരവധി വിദ്യാർഥികൾ മരിച്ചതായി റിപ്പോർട്ട്. മണിപ്പുരിലെ നോനെ ജില്ലയിൽ ബുധനാഴ്ചയായിരുന്നു സംഭവം. ലങ്സായ് തുബങ് ഗ്രാമത്തിൽവെച്ച് വിദ്യാർഥികളുമായി പഠനയാത്ര പോയ ബസാണ് അപകടത്തിൽപെട്ടതെന്ന് ടൈംസ് നൗ റിപ്പോർട്ട് ചെയ്യുന്നു.അപകടത്തിൽ എത്രപേർ മരിച്ചു എന്നത് സംബന്ധിച്ച് കൃത്യമായ വിവരം പുറത്തുവന്നിട്ടില്ല. ഏഴോളം വിദ്യാർഥികൾ മരിച്ചതായി എൻ.ഡി.ടി.വി. റിപ്പോർട്ട് ചെയ്യുന്നു. നിരവധി പേരുടെ നില അതീവ ഗുരുതരമാണ്. പരിക്കേറ്റവരെ അടുത്തുള്ള ആശുപത്രിയിൽ പ്രവേശിപ്പിച്ചതായാണ് വിവരം.

രണ്ട് ബസുകളിലായിരുന്നു സ്കൂളിൽ നിന്ന് പഠനയാത്ര പുറപ്പെട്ടത്. ഇതിൽ വിദ്യാർഥിനികൾ സഞ്ചരിച്ച ബസിന്റെ നിയന്ത്രണം വിട്ട് തലകീഴായി മറിയുകയായിരുന്നുവെന്ന് പി.ടി.ഐ. റിപ്പോർട്ട് ചെയ്തു.സംഭവസ്ഥലത്തേക്ക് എസ്.ഡി.ആർ.എഫിനെയും മെഡിക്കൽ സംഘത്തെയും ജനപ്രതിനിധികളേയും അയച്ചതായി മുഖ്യമന്ത്രി എൻ. ബിരേൻ സിങ് ട്വീറ്റ് ചെയ്തു.



## ബംഗാൾ ഉൾക്കടലിലെ ന്യൂനമർദ്ദം ശക്തമാകും, സംസ്ഥാനത്ത് അഞ്ചു ദിവസം മഴയ്ക്ക് സാദ്ധ്യത,

തിരുവനന്തപുരം : ബംഗാൾ ഉൾക്കടലിൽ രൂപം കൊണ്ട ന്യൂനമർദ്ദം വരും മണിക്കൂറുകളിൽ തീവ്രമാകാൻ സാദ്ധ്യതയെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പിന്റെ മുന്നറിയിപ്പ്.ഇതിന്റെ സ്വാധീനഫലമായി സംസ്ഥാനത്ത് അടുത്ത അഞ്ചു ദിവസം ഒറ്റപ്പെട്ട സാധാരണ മഴയ്ക്ക് സാദ്ധ്യതയെന്ന് കാലാവസ്ഥാവകുപ്പിന്റെ അറിയിപ്പിൽ പറയുന്നു.

തെക്ക് പടിഞ്ഞാറൻ ബംഗാൾ ഉൾക്കടലിൽ ശക്തികൂടിയ ന്യൂനമർദ്ദം സ്ഥിതിചെയ്യുന്നു. അടുത്ത 48 മണിക്കൂറിൽ വടക്ക് പടിഞ്ഞാറ് ദിശയിൽ സഞ്ചരിച്ച് ശ്രീലങ്കൻ തീരത്തിന് സമീപം തീവ്രന്യൂനമർദ്ദമായി ശക്തി പ്രാപിക്കാൻ സാദ്ധ്യതയുിണ്ട്. ന്യൂനമർദ്ദം ശ്രീലങ്ക വഴി കോമാറിൻ തീരത്തേക്ക് നീങ്ങാൻ സാദ്ധ്യതയെന്നും കേന്ദ്രകാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇതിന്റെ സ്വാധീന ഫലമായി വരുംദിവസങ്ങളിൽ സംസ്ഥാനത്ത് മഴ ലഭിക്കുമെന്ന് അറിയിപ്പിൽ പറയുന്നു,



# 2019 അല്ല 2022, കൊവിഡിൽ ഇനി തെറ്റ് ആവർത്തിച്ചാൽ ചൈന ഒറ്റയ്ക്ക് അനുഭവിക്കേണ്ടി വരും

കൊവിഡിന്റെ കാര്യത്തിൽ 2019ൽ നിന്നും ലോകരാജ്യങ്ങൾ 2022ലെത്തുമ്പോൾ ഏറെ കാര്യങ്ങൾ പഠിച്ചു. 2019ൽ കൊവിഡ് പൊട്ടിപ്പുറപ്പെട്ടപ്പോൾ ഇതെങ്ങനെ നേരിടണമെന്നോ, എങ്ങനെ പകരുന്നു എന്നുപോലും വ്യക്തത ഇല്ലായിരുന്നു. വാക്സിൻ കണ്ടുപിടിക്കാത്ത രോഗത്തിന് ലോക്ഡൗൺ എന്ന മരുന്ന് മാത്രമായിരുന്നു വിദഗ്ദ്ധർക്ക് പോലും ഉപദേശിക്കാനുണ്ടായിരുന്നത്. ലോക്ഡൗണിലൂടെ സമൂഹിക അകലം ഉറപ്പാക്കി രോഗം തടയാമെന്ന പ്രതീക്ഷയായിരുന്നു. എന്നാൽ പിന്നീട് വാക്സിനുകൾ വിവിധ രാജ്യങ്ങളിൽ നിന്നും പുറത്തിറങ്ങിയതോടെ കൊവിഡിനൊപ്പം ജീവിക്കാനാവും എന്ന പ്രതീക്ഷ കൈവന്നു.

ലോകരാജ്യങ്ങളിൽ കൊവിഡ് ഭീതിയകന്ന് ജനജീവിതം സാധാരണ നിലയിലായിട്ടും ചൈനയിൽ ഇനിയും ഇത് സാദ്ധ്യമായിട്ടില്ല. സിറോ കൊവിഡിന്റെ പേരിൽ ജനങ്ങളുടെ അവകാശങ്ങൾ കൂടുതൽ അടിച്ചമർത്താനുള്ള അവസരമായിട്ടാണ് ചൈനീസ് ഭരണകൂടം കൊവിഡ് നിയന്ത്രണങ്ങളെ കണ്ടത്. ഇതിനൊപ്പം വിവിധ രാജ്യങ്ങളിൽ കൊവിഡ് വാക്സിൻ എത്തിച്ച ചൈന സ്വന്തം രാജ്യത്തെ മുതിർന്ന പൗരൻമാർക്ക് ഇനിയും വാക്സിൻ പൂർണ തോതിൽ നൽകിയിട്ടില്ലെന്നും റിപ്പോർട്ടുകളുണ്ട്. ഇതിൽ നിന്നും ചൈനയുടെ കണക്കുകൂട്ടൽ എന്താണെന്ന് ഇനിയും വ്യക്തമായിട്ടില്ല.

കൊവിഡ് നിയന്ത്രണങ്ങൾ ചൈനയുടെ സാമ്പത്തിത സ്ഥിതിക്കും ഏറെ മങ്ങലേൽപ്പിച്ചു. വിവിധ നിർമ്മാണ കമ്പനികൾ രാജ്യം വിടുന്ന അവസ്ഥവരെയുണ്ടായി. ആപ്പിൾ ഫോൺ നിർമ്മാതാക്കളടക്കം ചൈനയിലെ ഫാക്ടറികളിൽ നിന്നും പിൻവാങ്ങുകയാണ്.

സ്ഥിതി ആശങ്കാജനകം

കൊവിഡ് നിയന്ത്രണങ്ങൾ പിൻവലിച്ചതിന് പിന്നാലെ ചൈനയിൽ കൊവിഡ് കേസുകൾ കുതിക്കുന്നതിൽ ആശങ്ക. ബീജിംഗ്, ഷാങ്ഹായി തുടങ്ങിയ പ്രധാന നഗരങ്ങളിലെ ആശുപത്രികൾ രോഗികളാൽ നിറയുന്നതായാണ് വിവരം. വരുന്ന 90 ദിവസത്തിനുള്ളിൽ ചൈനയിലെ 60 ശതമാനം പേരും ലോകത്തെ പത്ത് ശതമാനം പേരും വൈറസ് ബാധിതരാകുമെന്ന് യു.എസ് ആസ്ഥാനമായി പ്രവർത്തിക്കുന്ന സാംക്രമിക രോഗ വിദഗ്ദ്ധൻ എറിക് ഫീഗൽ ഡിങ്ങ് പറയുന്നു.

ചൈനയിൽ കൊവിഡ് ബാധിച്ച് മരിക്കുന്നവരുടെ എണ്ണം കുത്തനെ ഉയർന്നെന്ന് റിപ്പോർട്ടുണ്ടെങ്കിലും ഭരണകൂടം ഇത് അംഗീകരിച്ചിട്ടില്ല. ശ്വാസകോശ പ്രശ്നം മൂലം മരിക്കുന്ന കൊവിഡ് രോഗികളെ മാത്രമാണ് ഔദ്യോഗിക പട്ടികയിൽ ചേർക്കുന്നതെന്നാണ് ചൈനയിലെ നാഷണൽ ഹെൽത്ത് കമ്മിഷൻ പറയുന്നത്. രാജ്യത്ത് പടരുന്ന ഒമിക്രോണിന്റെ തീവ്രത കുറഞ്ഞെന്നും വൈറസിനൊപ്പം ഇനി ജീവിക്കണമെന്നുമാണ് ചൈനീസ് അധികൃതർ പറയുന്നത്

ചൈന ഉത്തരം നൽകണം

2019ൽ സംഭവിച്ച തെറ്റ് ഇനിയും ആവർത്തിക്കാൻ ചൈനയെ മറ്റു രാജ്യങ്ങൾ അനുവദിക്കില്ലെന്നത് ഉറപ്പാണ്. അതിനാൽ തന്നെ ഇപ്പോഴത്തെ രാജ്യത്തെ രോഗാവസ്ഥ ചൈനയ്ക്ക് വിശദീകരിച്ചേ മതിയാവൂ. എന്തുകൊണ്ടാണ് ചൈനയിൽ കൊവിഡ് കേസുകൾ വർദ്ധിക്കുന്നത്? വൈറസിന്റെ ഒരു പുതിയ വകഭേദത്തെ തിരിച്ചറിഞ്ഞോ ? കൊവിഡ് വ്യാപനം തടയുന്നതിനും മറ്റ് രാജ്യങ്ങളിലേക്കുള്ള സ്പിൽഓവർ തടയുന്നതിനും ചൈന എന്താണ് ചെയ്യുന്നത്? കുറഞ്ഞത് ഇത്രയും ചോദ്യങ്ങൾക്കെങ്കിലും ചൈന മറുപടി നൽകേണ്ടി വരും. ലോകത്തെ വീണ്ടും ഒരു മഹാമാരിയിലേക്ക് തള്ളിയിടാൻ ചൈന ഒരുങ്ങിയാൽ സാമ്പത്തികമായി ചൈനയുടെ തകർച്ചയാവും വരും നാളുകൾക്ക് പറയാനുണ്ടാവുക.


# ശൈത്യം, മൂടൽമഞ്ഞ്: ഉത്തരേന്ത്യയിൽ തീവണ്ടികൾ വൈകി, വിമാനങ്ങൾ വഴിതിരിച്ചു, സ്കൂൾ സമയംമാറ്റി

ന്യൂഡൽഹി: ഉത്തരേന്ത്യയിൽ ജനജീവിതത്തെ ബാധിച്ച് ശൈത്യവും മൂടൽമഞ്ഞും. ഡൽഹി, പഞ്ചാബ്, ഹരിയാണ സംസ്ഥാനങ്ങളിലും രാജസ്ഥാന്റെയും ഉത്തർപ്രദേശിന്റെയും പലഭാഗങ്ങളിലും കനത്ത മൂടൽമഞ്ഞാണ് ബുധനാഴ്ച രാവിലെ അനുഭവപ്പെട്ടത്. 6.3 ഡിഗ്രി സെൽഷ്യസായിരുന്നു രാജ്യതലസ്ഥാനത്ത് ചൊവ്വാഴ്ച രേഖപ്പെടുത്തിയ കുറഞ്ഞ താപനില. മൂടൽമഞ്ഞ് വ്യോമ - റെയിൽ ഗതാഗതത്തെ ബാധിച്ചിട്ടുണ്ട്.

നിലവിൽ വിമാന സർവീസുകൾ സാധാരണ നിലയിലാണെങ്കിലും യാത്രാസമയം അടക്കമുള്ള വിവരങ്ങൾക്കായി വിമാനക്കമ്പനി അധികൃതരുമായി ബന്ധപ്പെടണമെന്ന് ഡൽഹി വിമാനത്താവള അധികൃതർ യാത്രക്കാർക്ക് നിർദേശം നൽകി. ചണ്ഡീഗഢ്, വാരണാസി, ലഖ്നൗ വിമാനത്താവളങ്ങളിൽ ഇറങ്ങേണ്ട വിമാനങ്ങൾ പലതും ഡൽഹിയിലേക്ക് വഴിതിരിച്ചുവിട്ടിട്ടുണ്ട്.

ന്യൂഡൽഹി റെയിൽവെ സ്റ്റേഷനിൽനിന്ന് യാത്രതിരിക്കേണ്ട 20 തീവണ്ടികൾ വൈകി. മൂടൽമഞ്ഞിനെത്തുടർന്ന് പഞ്ചാബിലെയും യു.പിയിലെ ഗാസിയാബാദിലെയും സ്കൂൾ സമയത്തിൽ അധികൃതർ മാറ്റംവരുത്തി. പഞ്ചാബിൽ ബുധനാഴ്ച മുതൽ ജനുവരി 21വരെ സ്കൂളുകൾ രാവിലെ 10 മണിക്കേ പ്രവർത്തനം തുടങ്ങൂവെന്ന് മുഖ്യമന്ത്രി ഭഗവന്ത് മൻ പ്രഖ്യാപിച്ചു. സാധാരണ പോലെതന്നെ വൈകീട്ട് മൂന്നുവരെ സ്കൂളുകൾ പ്രവർത്തിക്കും. രാവിലെ ഒൻപത് മുതലാണ് പഞ്ചാബിലെ സ്കൂളുകൾ പ്രവർത്തിച്ചിരുന്നത്.

ഗാസിയാബാദിൽ ഒന്ന് മുതൽ 12 വരെയുള്ള ക്ലാസുകൾ രാവിലെ ഒൻപതിന് മാത്രമേ തുടങ്ങൂവെന്ന് അധികൃതർ വ്യക്തമാക്കി. മൂടൽ മഞ്ഞിനെത്തുടർന്ന് അപകടങ്ങൾ തുടരുന്നത് കണക്കിലെടുത്ത് ബസ് സമയത്തിലും മാറ്റംവരുത്താൻ അധികൃതർ തീരുമാനിച്ചിട്ടുണ്ട്. യു.പിയിലെ നോയിഡ ഡിപ്പോയിൽനിന്നുള്ള ബസുകൾ രാത്രി ഒൻപത് മുതൽ രാവിലെ ഏഴുവരെ ഓടില്ല.



special-news



# ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ വിൽക്കുന്ന ഫാർമസികളുടെ ലൈസൻസ് റദ്ദാക്കുമെന്ന് ആരോഗ്യമന്ത്രി

**തിരുവനന്തപുരം:** ഡോക്ടറുടെ കുറിപ്പടിയില്ലാതെ ആന്റിബയോട്ടിക്കുകൾ വിൽക്കുന്ന ഫാർമസികളുടെ ലൈസൻസ് റദ്ദാക്കാൻ നടപടി സ്വീകരിക്കാൻ കർശന നിർദേശം നൽകിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്.മന്ത്രിയുടെ നേതൃത്വത്തിൽ നടന്ന കർസാപ്പ് (കേരള ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് സ്ട്രാറ്റജിക് ആക്ഷൻ പ്ലാൻ) വാർഷിക അവലോകന യോഗത്തിലാണ് നിർദേശം നൽകിയത്.

കേരളത്തിലെ ആന്റിബയോട്ടിക് പ്രതിരോധത്തിന്റെ തോത് അറിയാനും അതനുസരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ ക്രോഡീകരിക്കാനുമായി ഇന്ത്യയിലാദ്യമായി ആന്റി ബയോഗ്രാം (എഎംആർ സർവെയലൻസ് റിപ്പോർട്ട്) പുറത്തിറക്കിയിരുന്നു. ഇതനുസരിച്ച് പല രോഗാണുക്കളിലും ആന്റിബയോട്ടിക് പ്രതിരോധത്തിന്റെ തോത് കൂടിവരുന്നതായി കണ്ടെത്തിയിരുന്നു. ഈ സാഹചര്യത്തിലാണ് കർശന നടപടി സ്വീകരിക്കാൻ തീരുമാനിച്ചത്. മാത്രമല്ല മൃഗങ്ങൾക്കിടയിലും പരിസ്ഥിതി, ഫിഷറീസ്, അക്വാകൾച്ചർ തുടങ്ങിയ വിഭാഗങ്ങളിൽ നടന്ന പഠനങ്ങളിലും ആന്റിബയോട്ടിക് പ്രതിരോധം കൂടി വരുന്നതായാണ് കണ്ടു വരുന്നത്. എല്ലാ മേഖലകളിലുമുള്ള അശാസ്ത്രീയമായ ആന്റി ബയോട്ടിക്കുകളുടെ ഉപയോഗമാണ് ഇതിലേക്ക് നയിച്ചതെന്നും യോഗം വിലയിരുത്തി.മനുഷ്യരിൽ മാത്രമല്ല, മൃഗപരിപാലനം, കോഴിവളർത്തൽ, മത്സ്യകൃഷി തുടങ്ങിയവയിലും കൂടുതലായി അശാസ്ത്രീയമായി ആന്റി ബയോട്ടിക്കുകൾ ഉപയോഗിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്. മാത്രമല്ല പരിസ്ഥിതിയിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ പോലും ആന്റിബയോട്ടിക്കുകളെ പ്രതിരോധിക്കാൻ കഴിവുള്ള ബാക്ടീരിയകളേയും ജീനുകളേയും ആന്റിബയോട്ടിക് അംശവും കണ്ടെത്തിയിട്ടുണ്ട്.

ആന്റിബയോട്ടിക് പ്രതിരോധം കൂടാനുള്ള ഒരു മുഖ്യ കാരണമായി വിലയിരുത്തിയത് ഡോക്ടറുടെ കുറിപ്പടിയില്ലാതെ ഫാർമസികളിൽ നിന്നും നേരിട്ട് ആന്റിബയോട്ടിക്കുകൾ വാങ്ങി കഴിക്കുന്നതു കൊണ്ടാണ്. അത് കർശനമായി വിലക്കിക്കൊണ്ടുള്ള നടപടിയാണ് ആരോഗ്യ വകുപ്പ് സ്വീകരിക്കുന്നത്. കേരളത്തിൽ നടത്തിവരുന്ന ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് പ്രവർത്തനങ്ങൾ യോഗം വിശദമായി വിലയിരുത്തി. ആന്റിബയോട്ടിക് സാക്ഷരതയ്ക്കുള്ള പ്രവർത്തനങ്ങൾ ഊർജിതപ്പെടുത്തുന്നതിന്റെ ഭാഗമായി മാദ്ധ്യമങ്ങളുടെ പിന്തുണയോടെ അവബോധവും ശക്തിപ്പെടുത്തും. കാർബപെനം മരുന്നുകളെ പ്രതിരോധിക്കാൻ കഴിവുള്ള രക്തത്തിലുള്ള അണുബാധകളെ പ്രത്യേകം നോട്ടിഫയബിൾ കണ്ടീഷനാക്കി പ്രഖ്യാപിക്കുന്നത് പരിശോധിക്കും. കേരളത്തിലെ ഏത് ആശുപത്രിയിലും കാർബപെനം മരുന്നുകളെ പ്രതിരോധിക്കാൻ കഴിവുള്ള രക്തത്തിലുള്ള അണുബാധ കണ്ടെത്തിക്കഴിഞ്ഞാൽ അത് ആരോഗ്യ വകുപ്പിനെ അറിയിക്കാൻ നിർദേശം നൽകി.ആരോഗ്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ടിങ്കു ബിസ്വാൾ, മുഖ്യമന്ത്രിയുടെ സയന്റിഫിക് അഡ്വൈസർ ഡോ. എം.ഡി. ദത്തൻ, ഫുഡ് സേഫ്റ്റി കമ്മീഷണർ വിനോദ്, ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. മീനാക്ഷി, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഡയറക്ടർ ഡോ. തോമസ് മാത്യു, ഐ.എസ്.എം. ഡയറക്ടർ ഡോ. കെ.എസ്. പ്രിയ, ഡ്രഗ്സ് കൺട്രോളർ ഡോ. ജയൻ, പൊല്ലൂഷൻ കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി ഡോ. ഷീല മോസസ്, ആരോഗ്യ വകുപ്പ് അഡീഷണൽ ഡയറക്ടർ ഡോ. നന്ദകുമാർ, കർസാപ്പ് നോഡൽ ഓഫീസർ ഡോ. മഞ്ജുശ്രീ, വർക്കിംഗ് കമ്മിറ്റി കൺവീനർ ഡോ. അരവിന്ദ്, ഐഎംഎ പ്രതിനിധി ഡോ. ഗോപികുമാർ, മൃഗസംരക്ഷണ വകുപ്പ് ചീഫ് ഡിസീസ് ഇൻവെസ്റ്റിഗേഷൻ ഓഫീസർ ഡോ. സ്വപ്ന സൂസൻ മാത്യു, വിവിധ വിഭാഗങ്ങളിലെ ഉദ്യോഗസ്ഥർ എന്നിവർ യോഗത്തിൽ പങ്കെടുത്തു.

ആന്റിബയോട്ടിക് പ്രതിരോധത്തിൽ നമുക്കും പങ്കാളികളാകാം

1. മിക്ക അണുബാധകളും വൈറസ് മൂലമാണ് ഉണ്ടാകുന്നത്. അതിനാൽ ഇവയ്ക്കെതിരെ ആന്റിബയോട്ടിക്കുകൾ ഫലപ്രദമല്ല.
2. ഡോക്ടറുടെ നിർദ്ദേശാനുസരണം മാത്രമേ ആന്റിബയോട്ടിക്കുകൾ ഉപയോഗിക്കാവൂ.
3. ഒരിക്കലും ആന്റിബയോട്ടിക്കുകൾ ആവശ്യപ്പെടുകയോ ഡോക്ടറുടെ കുറിപ്പടി ഇല്ലാതെ വാങ്ങി കഴിക്കുകയോ ചെയ്യരുത്.
4. ചികിത്സ കഴിഞ്ഞു ശേഷിക്കുന്ന ആന്റിബയോട്ടിക്കുകൾ ഒരിക്കലും ഉപയോഗിക്കരുത്.
5. ശേഷിക്കുന്നതോ കാലഹരണപ്പെട്ടതോ ആയ ആന്റിബയോട്ടിക്കുകൾ കരയിലോ ജലാശയങ്ങളിലോ വലിച്ചെറിയരുത്.
6. രോഗശമനം തോന്നിയാൽ പോലും ഡോക്ടർ നിർദേശിച്ച കാലയളവിലേക്ക് ആന്റിബയോട്ടിക് ചികിത്സ പൂർത്തിയാക്കണം.
7. ആന്റിബയോട്ടിക്കുകൾ ഒരിക്കലും മറ്റുള്ളവരുമായി പങ്കിടാൻ പാടില്ല.
8. അണുബാധ തടയുന്നതിന് പതിവായി കൈ കഴുകുക.
9. രോഗികളുമായുള്ള സമ്പർക്കം ഒഴിവാക്കുക.
10. പ്രതിരോധ കുത്തിവയ്പുകൾ കാലാനുസൃതമായി എടുക്കുക.

കേരളത്തിലെ എല്ലാ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളേയും ആന്റിബയോട്ടിക് സ്മാർട്ട് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ഈ സന്ദേശം ഈ കേന്ദ്രങ്ങൾ വഴി പരമാവധിപേരിലെത്തിക്കും



# വ്യാഴാഴ്ച രാത്രി താമരശ്ശേരി ചുരംവഴിയുള്ള വാഹനങ്ങൾക്ക് നിയന്ത്രണം; 9 മണിക്ക് ശേഷം ആംബുലൻസുകൾ മാത്രം

**താമരശ്ശേരി:** വ്യാഴാഴ്ച രാത്രി അടിവാരംമുതൽ ചുരംവഴി വയനാട് ജില്ലയിലേക്കും തിരിച്ചും വാഹനങ്ങൾക്ക് കർശനനിരോധനം ഏർപ്പെടുത്തിയതായി കോഴിക്കോട് കളക്ടർ അറിയിച്ചു. മൈസൂരു നഞ്ചൻഗോഡിലെ നെസ്‌ലെ ഇന്ത്യ ലിമിറ്റഡ് കമ്പനിയുടെ പ്ലാന്റിലേക്കുള്ള കൂറ്റൻ യന്ത്രങ്ങളുമായി പോകുന്ന ട്രെയിലറുകൾ കടന്നുപോകുന്നതിനായാണ് മറ്റ് വാഹനങ്ങൾ നിയന്ത്രിക്കുന്നത്. 22-ന് രാത്രിയാത്രയ്ക്ക് ബദൽമാർഗങ്ങൾ പൊതുജനങ്ങൾ സ്വീകരിക്കണമെന്നാണ് നിർദേശം. സെപ്റ്റംബർ പത്തിനെത്തിയ ലോറികൾ മൂന്നു മാസത്തിലേറെയായി അടിവാരത്ത് നിർത്തിയിട്ടിരിക്കയാണ്. ചുരംവഴി പോകുന്നത് ഗതാഗതതടസ്സമുണ്ടാക്കുമെന്നുകണ്ടെത്തി ജില്ലാ ഭരണകൂടം ഇവയുടെ യാത്ര തടയുകയായിരുന്നു. ചർച്ചകൾക്കു ശേഷമാണ് ഇപ്പോൾ യാത്രാനുമതി നൽകിയത്. ജില്ലാഭരണകൂടം ആവശ്യപ്പെട്ടതുപ്രകാരമുള്ള സത്യവാങ്മൂലം, 20 ലക്ഷം രൂപയുടെ ഡിമാൻഡ് ഡ്രാഫ്റ്റ്, മിനിസ്ട്രി ഓഫ് റോഡ് ട്രാൻസ്പോർട്ട് അതോറിറ്റി സർട്ടിഫിക്കറ്റ് തുടങ്ങിയ രേഖകൾ അണ്ണാമലൈ ട്രാൻസ്പോർട്ട് കമ്പനി അധികൃതർ ഹാജരാക്കിയ ശേഷമാണ് യാത്രാത്തീയതി നിശ്ചയിച്ചത്. വ്യാഴാഴ്ച രാത്രി എട്ട് മണി മുതൽ ജില്ലയിൽ നിന്നും താമരശ്ശേരി ചുരം വഴി കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന വാഹനങ്ങൾക്ക് താഴെ പറയുന്ന ഗതാഗത ക്രമീകരണങ്ങൾ ഏർപ്പെടുത്തിയതായും ഈ സമയം ചുരം വഴിയുള്ള യാത്രയ്ക്ക് ബദൽ മാർഗം സ്വീകരിക്കണമെന്നും ജില്ലാ പോലീസ് മേധാവി അറിയിച്ചു.

സുൽത്താൻ ബത്തേരി ഭാഗത്ത് നിന്നും കൽപ്പറ്റ-വൈത്തിരി വഴി കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന ചരക്ക് ലോറികളും ഹെവി വാഹനങ്ങളും വ്യാഴാഴ്ച രാത്രി 8 മണി മുതൽ ബീനച്ചി- പനമരം വഴിയോ മീനങ്ങാടി -പച്ചിലക്കാട് വഴിയോ പക്രതളം ചുരം വഴിയോ പോകേണ്ടതാണ്. മാനന്തവാടിയിൽ നിന്നുള്ള വാഹനങ്ങളും ഇപ്രകാരം പോകേണ്ടതാണ്.

സുൽത്താൻ ബത്തേരി, മാനന്തവാടി ഭാഗത്ത് നിന്നും കോഴിക്കോട് ഭാഗത്തേക്ക് പോകുന്ന കെ.എസ്.ആർ.ടി.സി., സ്വകാര്യ ബസുകൾ രാത്രി 9 മണിക്ക് ശേഷം കൽപ്പറ്റയിൽ നിന്നും പടിഞ്ഞാറത്തറ വഴി പക്രതളം ചുരത്തിലൂടെ പോകേണ്ടതാണ്.

ബത്തേരി, കൽപ്പറ്റ ഭാഗങ്ങളിൽ നിന്നും തൃശ്ശൂർ, മലപ്പുറം ഭാഗങ്ങളിലേക്ക് പോകുന്ന വാഹനങ്ങൾ തമിഴ്നാട് നാടുകാണി ചുരം വഴി പോകേണ്ടതാണ്.

രാത്രി 9 മണിക്ക് ശേഷം കൽപ്പറ്റ, മേപ്പാടി, പടിഞ്ഞാറത്തറ ഭാഗങ്ങളിൽ നിന്നും വൈത്തിരി വഴി കോഴിക്കോട് ഭാഗത്തേക്ക് ആംബുലൻസ് ഒഴികെ മറ്റൊരു വാഹനവും പോകാൻ അനുവദിക്കില്ല.

ഇൻഡസ്ട്രിയൽ ഫിൽട്ടർ ഇന്റർ ചേംബർ വഹിക്കുന്ന ഓവർ ഡൈമൻഷണൽ മോഡുലാർ ഹൈഡ്രോളിക് ട്രെയ്‌ലറുകൾ ചുരംപാത കയറുന്ന അവസരത്തിൽ ആവശ്യമായ സഹായവും സാന്നിധ്യവും ഉറപ്പുവരുത്തണമെന്നാവശ്യപ്പെട്ട് അടിവാരം-വയനാട് ചുരം സംരക്ഷണസമിതി, ഫയർഫോഴ്സ്, ഫോറസ്റ്റ് അധികൃതർ, കെ.എസ്.ഇ.ബി., പുതുപ്പാടി ഗ്രാമപ്പഞ്ചായത്ത് അധികൃതർ എന്നിവർക്ക് താമരശ്ശേരി ഡിവൈ.എസ്.പി. അഷ്റഫ് തെങ്ങിലക്കണ്ടി കത്തയച്ചു



# കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അധിക തസ്തിക സൃഷ്ടിക്കാൻ മന്ത്രിസഭായോഗത്തിൽ തീരുമാനം

**തിരുവനന്തപുരം:** സംസ്ഥാനത്തെ കോർപ്പറേഷനുകളിലും മുനിസിപ്പാലിറ്റികളിലും അക്കൗണ്ട്സ്, ആരോഗ്യ വിഭാഗങ്ങൾ ശക്തിപ്പെടുത്തുന്നതിന് അധിക തസ്തിക സൃഷ്ടിക്കാൻ ഇന്ന് ചേർന്ന മന്ത്രിസഭായോഗം തീരുമാനിച്ചു.

354 പുതിയ തസ്തികകളാണ് സൃഷ്ടിക്കുക.

മറ്റു തീരുമാനങ്ങൾ ഇങ്ങനെ-

സർക്കാർ പരസ്യങ്ങളുടെ ഉള്ളടക്കം പരിശോധിക്കാൻ മൂന്നംഗ കമ്മറ്റി

സർക്കാർ പരസ്യങ്ങളുടെ ഉള്ളടക്കം പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നംഗ കമ്മറ്റി രൂപീകരിക്കും. സുപ്രീംകോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിലാണ് കമ്മറ്റി രൂപീകരണം. ചെയർമാനും രണ്ട് അംഗങ്ങളും അടങ്ങുന്നതാണ് കമ്മറ്റി. 15 വർഷത്തിൽ കുറയാത്ത പ്രവൃത്തി പരിചയമുള്ള, മാദ്ധ്യമ രംഗത്ത് വ്യക്തി മുദ്രപതിപ്പിച്ച മുതിർന്ന മാദ്ധ്യമപ്രവർത്തകർ/ സംസ്ഥാന സർക്കാർ പ്രിൻസിപ്പൽസെക്രട്ടറി റാങ്കിൽ കുറയാത്ത വ്യക്തി/ ഇന്ത്യൻ ഇൻഫർമേഷൻ സർവ്വീസിൽ അഡീഷണൽ സെക്രട്ടറി റാങ്കിൽ കുറയാത്ത വ്യക്തി എന്നിവർക്ക് ചെയർപേഴ്സൺ ആകാം. വിരമിച്ച ഐഎഎസ് ഉദ്യോഗസ്ഥൻ, വിരമിച്ച ഐ.ആന്റ്.പി.ആർ.ഡി ഡയറക്ടർ, വിരമിച്ച ഐ.ആന്റ്.പിആർ.ഡി അഡീഷണൽ ഡയറക്ടർ, പതിനഞ്ച് വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയമുള്ള മാദ്ധ്യമപ്രവർത്തകർ എന്നിവർക്ക് അംഗങ്ങളാകാം. ഒരംഗം വനിതയാകുന്നത് അഭികാമ്യമാണെന്നും നിശ്ചയിച്ചു. കമ്മറ്റി അംഗങ്ങളുടെപ്രായം 45നും 70നും ഇടയിലായിരിക്കും. സർക്കാർ. അർധസർക്കാർ, പൊതുമേഖല, സ്വയംഭരണസ്ഥാപനങ്ങൾ, കോടതികൾ, കമ്മീഷനുകൾ തുടങ്ങിയവർ നൽകുന്ന പരസ്യങ്ങളുടെ ഉള്ളടക്കം പരിശോധനാ കമ്മറ്റിയുടെ അധികാര പരിധിയിൽപ്പെടും. പരസ്യങ്ങളുടെ ഉള്ളടക്കവുമായി ബന്ധപ്പെട്ട് സുപ്രീം കോടതിയുടെ മാർഗ നിർദ്ദേശങ്ങൾ വകുപ്പുകൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കും. രണ്ട് വർഷമാണ് കമ്മറ്റിയുടെ പരമാവധി കാലവധി.

ജുഡീഷ്യൽ ഓഫീസർമാർക്ക് ശമ്പള പരിഷ്ക്കരണം

ജില്ലാ ജുഡീഷ്യറിയിലെ ജുഡീഷ്യൽ ഓഫീസർമാർക്ക് 1.1.2016 മുതൽ പ്രാബല്യത്തിൽ പുതുക്കിയ ശമ്പളഘടന അനുവദിക്കും. കുടിശ്ശിക വിതരണത്തിനാവശ്യമായ തീരുമാനമെടുക്കാൻ ധനകാര്യ വകുപ്പിനെ ചുമതലപ്പെടുത്തി.

ഭൂമി കൈമാറ്റം

നിർദ്ദിഷ്ട മലയോര ഹൈവേയിൽ കാസർഗോഡ് ജില്ലയിൽപ്പെടുന്ന 127.42 കിലോമീറ്റർ നീളമുള്ള നന്ദാരപദവ്- ചെറുപുഴ ഭാഗം വരെയുള്ളതും വനഭൂമിയിലൂടെ കടന്നുപോകുന്നതുമായ ഹൈവേയിൽ എടപ്പറമ്പ കോളിച്ചാൽ വരെയുള്ള ഭാഗത്ത് നഷ്ടപ്പെടുന്ന 4.332ഹെക്ടർ വനം ഭൂമിക്ക് പകരം പരിഹാര വനവൽക്കരണത്തിന് ഭൂമി നൽകും. പൊതുമരാമത്ത് വകുപ്പിന്റെ അധീനതയിൽ ആവശ്യമായ ഭൂമി ലഭ്യമല്ലാത്തതിനാൽ ഭീമനടി വില്ലേജിലെ റവന്യൂഭൂമി കേന്ദ്രപരിസ്ഥിതി, വനം, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പുറപ്പെടുവിച്ച മാർഗനിദ്ദേശപ്രകാരം സംസ്ഥാന വകുപ്പിന്റെ പേരിൽ പോക്കുവരവ് ചെയ്യുന്നതിന് ഉടമസ്ഥാവകാശം വനം വകുപ്പിന് കൈമാറും.

നിയമനം

കേരള ലാന്റ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിലെ ഡയറക്ടർ ബോർഡ് അംഗവും മാനേജിംഗ് ഡയറക്ടറുമായ പിഎസ് രാജീവിന്റെ പുനർനിയമന വ്യവസ്ഥയിലുള്ള കാലാവധി 31.12.22 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകും.

തിരുവനന്തപുരം കോഓപ്പറേറ്റീവ് അക്കാദമി ഓഫ് പ്രൊഫഷണൽ എഡ്യൂക്കേഷനിൽ (കേപ്പ്) പുതിയ ഡയറക്ടറായി വി.ഐ താജുദ്ദീൻ അഹമ്മദിന് വ്യവസ്ഥകൾക്ക് വിധേയമായി പുനർനിയമനം നൽകാൻ തീരുമാനിച്ചു.


special-news



# കോവിഡ് പ്രതിരോധം സംസ്ഥാനത്തും ഊർജിതമാക്കും, രോഗലക്ഷണങ്ങൾ അവഗണിക്കരുത്- മുഖ്യമന്ത്രി


തിരുവനന്തപുരം: മറ്റു രാജ്യങ്ങളിൽ കോവിഡ് കേസുകൾ വർധിച്ചുവരുന്ന പശ്ചാത്തലത്തിൽ സംസ്ഥാനത്തും പ്രതിരോധപ്രവർത്തനങ്ങൾ ഊർജിതമാക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. കോവിഡ് കേസുകൾ കുറവാണെങ്കിലും രോഗം ബാധിക്കാതിരിക്കാൻ സ്വയം ശ്രദ്ധിക്കുന്ന നിലയുണ്ടാകണമെന്ന് മുഖ്യമന്ത്രി വ്യക്തമാക്കി. ബുധനാഴ്ച്ച വൈകുന്നേരം ആരോഗ്യമന്ത്രി വീണാ ജോർജിന്റെ നേതൃത്വത്തിൽ റാപ്പിഡ് റെസ്പോൺസ് ടീം യോഗം ചേരുമെന്നും മന്ത്രി അറിയിച്ചു. കോവിഡിൽ പഠിച്ച പാഠങ്ങൾ വീണ്ടും ശീലമാക്കണമെന്നും മുഖ്യമന്ത്രി ഓർമിപ്പിച്ചു. പനി, ജലദോഷം, തൊണ്ടവേദന എന്നിവ ബാധിച്ചാൽ അവഗണിക്കരുത്. കോവിഡ് രോഗലക്ഷണമുള്ളവരുമായി അടുത്തിടപഴകാതിരിക്കണമെന്നും മുഖ്യമന്ത്രി നിർദേശിച്ചു. അതിനിടെ, ചൈനയിൽ രോഗവ്യാപനത്തിന് കാരണമായ ഒമിക്രോൺ ഉപവകഭേദം ഇന്ത്യയിലും സ്ഥിരീകരിച്ചു. ഒമിക്രോൺ ബി.എഫ്-7 എന്ന വകഭേദമാണ് സ്ഥിരീകരിച്ചത്. ഗുജറാത്തിൽ രണ്ട് കേസും ഒഡീഷയിൽ ഒരു കേസുമാണ് നിലവിൽ റിപ്പോർട്ട് ചെയ്തത്. അതിവേഗവ്യാപനമാണ് വകഭേദത്തിന്റെ പ്രത്യേകത. ചൈനയ്ക്ക് പുറമെ, ജപ്പാൻ, അമേരിക്ക, ബ്രസീൽ തുടങ്ങിയ രാജ്യങ്ങളിൽ കോവിഡ് കേസുകൾ കുതിക്കുന്ന പശ്ചാത്തലത്തിൽ രാജ്യത്ത് കോവിഡ് പ്രതിരോധം ശക്തമാക്കണമെന്ന് കേന്ദ്ര ആരോഗ്യമന്ത്രാലയവും വ്യക്തമാക്കിയിട്ടുണ്ട്. പൊതുയിടങ്ങളിൽ മാസ്ക് ധരിക്കുന്നത് വീണ്ടും തുടരണമെന്നും നിർദേശമുണ്ട്. രാജ്യത്തെ കോവിഡ് സാഹചര്യം മുൻനിർത്തി കേന്ദ്ര ആരോഗ്യമന്ത്രി മൻസൂഖ് മാണ്ഡവ്യ വിളിച്ചു ചേർത്ത യോഗത്തിലാണ് സുപ്രധാന തീരുമാനങ്ങൾ എടുത്തിരിക്കുന്നത്. കോവിഡ് ഇതുവരെയും അവസാനിച്ചിട്ടില്ലെന്നും ജാഗ്രത പാലിക്കാനും നിരീക്ഷണം ശക്തമാക്കാനും നിർദേശിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ഏതുസാഹചര്യത്തെയും നേരിടാൻ സജ്ജമാണെന്നും മന്ത്രി അറിയിച്ചു. ആൾക്കൂട്ടമുള്ള ഇടങ്ങളിൽ(അകത്തും പുറത്തും) മാസ്ക് ധരിക്കുന്നത് തുടരണമെന്ന് നീതി ആയോഗ് അംഗമായ ഡോ.വി.കെ പോൾ യോഗത്തിനുശേഷം വ്യക്തമാക്കി. രോഗങ്ങൾ ഉള്ളവരും മുതിർന്നവരിലും ഇക്കാര്യം പ്രധാനമാണെന്നും അദ്ദേഹം പറഞ്ഞു. ബൂസ്റ്റർഷോട്ടുകൾ സ്വീകരിക്കാൻ വൈകരുതെന്നും മുതിർന്ന പൗരന്മാർ അക്കാര്യത്തിൽ വിട്ടുവീഴ്ച്ച ചെയ്യരുതെന്നും അദ്ദേഹം പറഞ്ഞു. ഇതുവരെ 27-28 ശതമാനം പേർ മാത്രമാണ് മുൻകരുതൽ ഡോസ് സ്വീകരിച്ചിരിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി. പുതിയ വകഭേദങ്ങൾ തിരിച്ചറിയുന്നത് സുഗമമാക്കുന്നതിനായി കോവിഡ് പോസിറ്റീവ് കേസുകളുടെ സാമ്പിളുകൾ കചടഅഇചരഏ ലാബുകളിലേക്ക് അയക്കാൻ സംസ്ഥാനങ്ങൾക്കും കേന്ദ്രഭരണ പ്രദേശങ്ങൾക്കും നിർദേശം നൽകിയിട്ടുണ്ട്.





## വീണ്ടും നരബലി ശ്രമം;യുവതി രക്ഷപ്പെട്ടത് തലനാരിഴയ്ക്ക്, മന്ത്രവാദിയെയും ഇടനിലക്കാരിയെയും തെരഞ്ഞ് പൊലീസ്

**പത്തനംതിട്ട:** നരബലി ശ്രമത്തിൽ നിന്ന് യുവതി തലനാരിഴയ്ക്ക് രക്ഷപ്പെട്ടു. തിരുവല്ല കുറ്റപ്പുഴയിലാണ് സംഭവം. കൊച്ചിയിൽ താമസിക്കുന്ന കുടക് സ്വദേശിനിയാണ് നരബലിയിൽ നിന്ന് രക്ഷപ്പെട്ടത്. ഒരു സ്വകാര്യ ചാനലാണ് വിവരം പുറത്തുവിട്ടത്. ഡിസംബർ എട്ടിന് അർദ്ധരാത്രിയാണ് സംഭവം നടന്നത്. ഭർത്താവുമായുള്ള പ്രശ്നങ്ങൾ പരിഹരിക്കാൻ പൂജ ചെയ്യാം എന്നപേരിൽ അമ്ബിളി എന്ന ഇടനിലക്കാരിയാണ് യുവതിയെ തിരുവല്ലയിൽ എത്തിച്ചത്. ആഭിചാര കർമ്മത്തിനിടെ വാളെടുത്ത് തന്നെ ബലി നൽകാൻ പോകുന്നുവെന്ന് പറഞ്ഞതായും യുവതി പറഞ്ഞു. തക്കസമയത്ത് അമ്ബിളിയുടെ ഒരു ബന്ധു പൂജനടന്ന വീട്ടിലെത്തിയതോടെയാണ് നരബലിയിൽ നിന്ന് ഇവർ രക്ഷപ്പെട്ടത്. ഭയം കാരണം ആദ്യം യുവതി ഇക്കാര്യം പുറത്തുപറഞ്ഞിരുന്നില്ല. എന്നാൽ പിന്നീട് സുഹൃത്തുക്കളുടെ സഹായത്തോടെ പൊലീസിനെ അറിയിക്കുകയായിരുന്നു. സംഭവം സ്ഥിരീകരിച്ച് പൊലീസ് സ്പെഷ്യൽ ബ്രാഞ്ച് എഡിജിപിയ്ക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ട്.



## ബഫർസോണിൽ തെറ്റിദ്ധാരണ പരത്താൻശ്രമം; ജനവാസ കേന്ദ്രങ്ങളും കൃഷിയിടങ്ങളും ഒഴിവാക്കും- മുഖ്യമന്ത്രി

**തിരുവനന്തപുരം:** സംസ്ഥാനത്ത് വന്യജീവി സങ്കേതങ്ങൾ ദേശീയോദ്യാനങ്ങൾ എന്നിവയ്ക്ക് ചുറ്റും ബഫർസോൺ ഏർപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണ സൃഷ്ടിക്കാൻ ചില ശ്രമങ്ങൾ നടക്കുന്നുണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. സംസ്ഥാനത്ത് ഇത്തരം പ്രദേശങ്ങളിൽ ജീവിക്കുന്ന ജനങ്ങളുടെ ജീവിതത്തേയും ജീവനോപാധിയേയും ബാധിക്കുന്ന ഒരു നടപടിയും ഉണ്ടാകില്ലെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ ഉറപ്പു നൽകി. ബഫർസോൺ സംബന്ധിച്ച് കേന്ദ്രത്തിന് നൽകിയ കരട് ഭൂപടം ഇന്ന് പ്രസിദ്ധീകരിക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. 'സംസ്ഥാനത്തെ നിലപാട് ഈ പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾ ഉൾക്കൊണ്ടുകൊണ്ട് ഉള്ളതാണ്. വന്യമൃഗ സംരക്ഷണ കേന്ദ്രങ്ങൾ, ദേശീയ പാർക്കുകൾ, ഇവയുടെ പരിധിയിൽ വരുന്ന ജനവാസമേഖലകൾ, കൃഷിയിടങ്ങൾ എന്നിവയെ ബഫർസോൺ പരിധിയിൽ നിന്ന് ഒഴിവാക്കണമെന്നാണ് സംസ്ഥാന സർക്കാരിന്റെ ഉറച്ച നിലപാട്. മറിച്ചുള്ള എല്ലാ പ്രചാരണങ്ങളും തെറ്റിദ്ധാരണാജനകമാണ്. ഈ മേഖലകളിലെ എല്ലാ ജനങ്ങളുടേയും അഭിപ്രായങ്ങളും നിർദേശങ്ങളും പരിശോധിച്ച് എല്ലാ കെട്ടിടങ്ങളും നിർമ്മാണങ്ങളും ചേർത്ത് മാത്രമേ അന്തിമ റിപ്പോർട്ട് സുപ്രീം കോടതിയിൽ നൽകുകയുള്ളൂ. സുപ്രീം കോടതി നിശ്ചയിച്ച ബഫർസോൺ പ്രദേശങ്ങൾ കേരളത്തിലെ ജനസാന്ദ്രത കൂടിയ മേഖലകളാണ് എന്ന് കോടതി മുമ്പാകെ തെളിയിക്കുന്നതിനാണ് എല്ലാ നിർമ്മാണങ്ങളും ചേർത്ത് റിപ്പോർട്ട് തയ്യാറാക്കി കോടതിയിൽ സമർപ്പിക്കുന്നത്. ബഫർസോണായി കോടതി നിശ്ചയിച്ച സ്ഥലങ്ങളിലെ താമസക്കാർക്കും കർഷകർക്കും യാതൊരു വിധത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. ഈ പ്രദേശങ്ങൾ ബഫർസോണാക്കാൻ പ്രായോഗികമായ പ്രയാസങ്ങൾ സുപ്രീം കോടതിയെ ബോധ്യപ്പെടുത്തും. ജനവാസ പ്രദേശങ്ങൾ വ്യക്തമാക്കി നിർമ്മാണങ്ങളുടേയും കെട്ടിടങ്ങളുടേയും കണക്കുകളും ഭൂപടം അടക്കമുള്ള തെളിവുകളും ഹാജരാക്കും. സുപ്രീം കോടതിയിൽ കേരളം നൽകിയ പുനഃപരിശോധനാ ഹർജി വാദത്തിനെത്തുമ്പോൾ ഈ തെളിവുകൾ പൂർണതോതിൽ ലഭ്യമാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു. ബഫർസോൺ വിഷയത്തിൽ കോൺഗ്രസിനെ വിമർശിച്ച മുഖ്യമന്ത്രി, സർക്കാർ എന്തൊക്കെ നിയമപോരാട്ടങ്ങൾ നടത്തി എന്ന കാര്യങ്ങൾ നാൾവഴികളിലൂടെ എടുത്തുപറയുകയും ചെയ്തു. രണ്ടാം യു.പി.എ. സർക്കാരിന്റെകാലത്താണ് വന്യജീവി സങ്കേതങ്ങൾ, ദേശീയോദ്യാനങ്ങൾക്ക് ചുറ്റും കേന്ദ്ര സർക്കാരിന്റെ ബഫർ സോൺ പ്രഖ്യാപനം ഉണ്ടായത്. 2002-ലെ എൻഡിഎ സർക്കാരിന്റെ കാലത്ത് വൈൽഡ് ലൈഫ് കൺസർവേഷൻ സ്ട്രാറ്റജിയുടെ ചുവടുപിടിച്ചാണ് 10 കിലോമീറ്റർ ചുറ്റളവിൽ ബഫർസോൺ ഏർപ്പെടുത്തിയതെന്ന് യു.പി.എ. സർക്കാർതന്നെ വ്യക്തമാക്കിയിരുന്നു. വിഷയത്തിൽ അന്നത്തെ കേന്ദ്ര പരിസ്ഥിതി മന്ത്രിയായിരുന്ന ജയറാം രമേശ് കടുത്ത നിർബന്ധബുദ്ധിയാണ് കാണിച്ചത്. സംസ്ഥാന സർക്കാരുകൾ ബഫർസോൺ മനഃപ്പൂർവ്വം നടപ്പാക്കാതിരിക്കുകയാണെന്ന് 2010-ൽതന്നെ അദ്ദേഹം ആരോപിച്ചിരുന്നുവെന്നും മുഖ്യമന്ത്രി വാർത്താ സമ്മേളനത്തിൽ പറഞ്ഞു.



## മന്ത്രി മുരളീധരൻ കേരളത്തിന്റെ അംബാസിഡർ; പരാമർശത്തിൽ വഹാബിനോട് ലീഗ് വിശദീകരണം തേടും

മലപ്പുറം: രാജ്യസഭയിൽ കേന്ദ്രമന്ത്രി വി. മുരളീധരനെ പ്രശംസിച്ച് സംസാരിച്ച പി.വി. അബ്ദുൾവഹാബ് എം.പിയോട് മുസ്ലീം ലീഗ് വിശദീകരണം തേടും. അബ്ദുൾ വഹാബ് നടത്തിയ പരാമർശത്തോട് പാർട്ടി യോജിക്കുന്നില്ലെന്നും ഏത് സാഹചര്യത്തിലാണ് പ്രസ്തുത പരാമർശം എന്നതിനെക്കുറിച്ച് അദ്ദേഹത്തോട് വിശദീകരണം തേടുമെന്നും മുസ്ലീം ലീഗ് സംസ്ഥാന പ്രസിഡന്റ് സാദിഖലി ശിഹാബ് തങ്ങൾ പുറത്തിറക്കിയ വാർത്താ കുറിപ്പിൽ പറഞ്ഞു. മുരളീധരൻ ഡൽഹിയിൽ കേരളത്തിന്റെ അംബാസിഡർ ആണെന്നായിരുന്നു വഹാബ് രാജ്യസഭയിൽ പറഞ്ഞത്. മുരളീധരന് പുറമേ മലയാളിയായ കേന്ദ്രമന്ത്രി രാജീവ് ചന്ദ്രശേഖറിനേയും വഹാബ് പുകഴ്ത്തിയിരുന്നു. നൈപുണ്യ വികസനത്തിൽ ആ വകുപ്പിന്റെ മന്ത്രിയായ രാജീവ് ചന്ദ്രശേഖർ നല്ല പദ്ധതികളാണ് നടപ്പാക്കുന്നതെന്നായിരുന്നു വഹാബ് പറഞ്ഞത്. ഈ പ്രശംസ വലിയ വിവാദമായതോടെയാണ് വിഷയത്തിൽ ലീഗ് നേതൃത്വം ഇടപെട്ടത്. ബിജെപിയെ നിശിതമായി വിമർശിക്കുന്ന പാർട്ടിയാണ് ലീഗ്. അതിനിടയിലാണ് ലീഗിന്റെ തന്നെ എംപി രാജ്യസഭയിൽ ബിജെപി കേന്ദ്രമന്ത്രിമാരെ പ്രശംസിച്ചത്. ഇത് ഒരുതരത്തിലും അംഗീകരിക്കാൻ കഴിയുന്ന നിലപാടല്ലെന്നാണ് പാർട്ടിക്കുള്ളിൽനിന്ന് ഉയരുന്ന വിമർശനം.

## ട്വിറ്ററിന് പുതിയ തലവൻ വേണം'; മസ്ക് പുതിയ സി.ഇ.ഒയെ തേടുന്നതായി റിപ്പോർട്ട്

**കാലിഫോർണിയ:** ടിറ്റർ മേധാവി സ്ഥാനം ഒഴിയണോ എന്ന ചോദ്യത്തോട് ഭൂരിപക്ഷവും പ്രതികൂലമായി പ്രതികരിച്ചതിന് പിന്നാലെ ഇലോൺ മസ്ക് സി.ഇ.ഒ. സ്ഥാനം ഒഴിഞ്ഞേക്കുമെന്ന് സൂചന. തനിക്ക് പകരം സി.ഇ.ഒ. സ്ഥാനത്തേക്ക് മസ്ക് മറ്റൊരാളെ തേടുന്നതായി വാർത്താമാധ്യമമായ സി.എൻ.ബി.സി. റിപ്പോർട്ട് ചെയ്തു. കഴിഞ്ഞ ദിവസം മസ്ക് തന്നെ നടത്തിയ ടിറ്റർ പോളിൽ, ഫലത്തെ താൻ അംഗീകരിക്കുമെന്ന് സൂചിപ്പിച്ചിരുന്നു. 1.7 കോടിയോളം ഉപയോക്താക്കൾ പങ്കെടുത്ത പോളിൽ 57.5 ശതമാനം പേരും മസ്ക് ടിറ്റർ മേധാവിയായി തുടരരുത് എന്ന് അഭിപ്രായപ്പെട്ടു. 42.5 ശതമാനം ആളുകളാണ് മസ്കിന് അനുകൂലമായി വോട്ട് ചെയ്തത്. ഇതിന് പിന്നാലെ 'നിങ്ങളുടെ ആഗ്രഹങ്ങളെക്കുറിച്ച് ശ്രദ്ധാലുവാകുക, അത് നിങ്ങൾക്ക് ലഭിച്ചേക്കാ'മെന്ന് മസ്ക് ടീറ്റ് ചെയ്തിരുന്നു. 'അധികാരം വേണ്ടവർ കുറഞ്ഞ പക്ഷം അത് അർഹിക്കുകയെങ്കിലും ചെയ്യണ'മെന്നും അദ്ദേഹം പറഞ്ഞിരുന്നു. ഇതിന് പിന്നാലെയാണ് മസ്ക് പുതിയ സി.ഇ.ഒയെ തേടുന്നുവെന്ന വിവരം പുറത്തുവരുന്നത്. ടിറ്റർ വൃത്തങ്ങളെ ഉദ്ധരിച്ചാണ് സി.എൻ.ബി.സിയുടെ റിപ്പോർട്ട്. എന്നാൽ, ഇതിനെക്കുറിച്ച് പ്രതികരിക്കാൻ മസ്ക് തയ്യാറായിട്ടില്ലെന്നും റിപ്പോർട്ടിൽ പറയുന്നു. പോൾ നടത്തുന്നതിന് മുമ്പേ തന്നെ മസ്ക് പുതിയ സി.ഇ.ഒക്കായി ചർച്ചകൾ ആരംഭിച്ചിരുന്നുവെന്നാണ് വിവരം.





# ജനപ്രീതിക്ക് തെല്ലും കോട്ടം തട്ടാതെ സാരി

പ്രൊഫ. റൂബി കശ്യപ് സൂദ്


ടെക്സ്റ്റൈൽ ഡിസൈൻ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫാഷൻ ടെക്നോളജി

തുന്നൽ ആവശ്യമില്ലാത്ത അതുല്യ തുണിത്തരമായ സാരിക്ക് തീർച്ചയായും ഭാരതീയ വനിതകളുടെ അലമാരയിൽ സവിശേഷ ഇടമുണ്ട്. പൗരാണിക കാലം മുതലുള്ള ഈ വസ്ത്രം സ്ത്രീകളുടെ മാറിക്കൊണ്ടിരിക്കുന്ന മുൻഗണനകൾക്കും ജീവിതരീതികൾക്കും അനുയോജ്യമാം വിധം സൂക്ഷ്മമായ പരിഷ്കാരങ്ങളോടെ ആധുനിക ഇന്ത്യയിലും ജനപ്രീതി നേടിയിട്ടുണ്ട്.ഒരു സ്ത്രീയുടെ ജീവിതത്തിന്റെ വിവിധ ഘട്ടങ്ങളിൽ സുപ്രധാന പങ്ക് വഹിക്കുന്ന സാരി, ധരിക്കുന്ന വ്യക്തിയുടെ ഉള്ളിലും വ്യത്യസ്ത വികാരങ്ങൾ ഉണർത്തുന്നു. ഇന്ത്യയിലെ നഗരപ്രദേശങ്ങളിൽ, കൗമാരത്തിൽ നിന്ന് യുവത്വത്തിലേക്കുള്ള പരിവർത്തനത്തിന്റെ സൂചനയായി സ്കൂൾ വിടവാങ്ങലിലോടെ സാരി ഉടുക്കാൻ പ്രായപൂർത്തിയായ ഒരു പെൺകുട്ടി കാത്തിരിക്കുന്നു. ഒരു യുവ വധുവിനെ സംബന്ധിച്ചിടത്തോളം ചമയങ്ങളിൽ ഒഴിച്ചുകൂടാനാകാത്ത പ്രധാന ഘടകമാണ് സാരി. പ്രസവ ശേഷവും ഇന്ത്യയിൽ സാരി സമ്മാനിക്കപ്പെടുന്നു. മുത്തശ്ശിമാരിൽ നിന്ന് അമ്മമാരിലേക്കും അവരിൽ നിന്ന് പെൺമക്കളിലേക്കും പാരമ്പര്യമായി കൈമാറ്റം ചെയ്യപ്പെടുന്ന കരകൗശല ആഡംബര സാരികൾ കൈമാറ്റം ചെയ്തവരുടെ ഓർമ്മകളോടൊപ്പമുള്ള വൈകാരിക ബന്ധം കാത്തുസൂക്ഷിക്കുന്നു.അതിഥി സല്ക്കാര, വ്യോമയാന, ആരോഗ്യസംരക്ഷണ, മറ്റ് നിരവധി വ്യവസായ മേഖലകളിൽ ജോലി ചെയ്യുന്ന ഇന്ത്യയിലെമ്പാടുമുള്ള സ്ത്രീകളെ സംബന്ധിച്ചിടത്തോളം ആകർഷകമായി ഉടുക്കുന്ന സാരി യൂണിഫോമായി അംഗീകരിക്കപ്പെട്ടിരിക്കുന്നു. സൂക്ഷ്മത, കാര്യക്ഷമത, ചാരുത എന്നിവയുടെ വിളംബരമായാണ് സാരി കാണാക്കപ്പെടുന്നത്. ഇന്ത്യൻ സംസ്കാരത്തിന്റെയും പാരമ്പര്യത്തിന്റെയും മൂല്യങ്ങളുടെയും പ്രതീകമായ സാരി വനിതാ രാഷ്ട്രീയ നേതാക്കളുടെയും ഇഷ്ട വസ്ത്രമാണ്. വൈവിധ്യമാർന്ന സാരികൾ ശക്തവും പരിഷ്കൃതവും, ഇന്ദ്രിയ വേദ്യവും, മാന്യവും എളിമയാർന്നതും, പരമ്പരാഗതവും സംസ്കാരപൂർണ്ണവും ആയ വ്യത്യസ്ത ഭാവങ്ങളെ ഉൾക്കൊള്ളുന്നു. തെക്ക്-പടിഞ്ഞാറൻ ദ്രാവിഡ പദമായ സൈർ എന്ന പദത്തിൽ നിന്നാണ് 'സാരി' എന്ന വാക്ക് ഉത്ഭവിച്ചത്. കേരളത്തിലെ പുടവ, തമിഴ്നാട്ടിലെ ചേലൈ, മഹാരാഷ്ട്ര ഗുജറാത്ത്, മധ്യപ്രദേശ് എന്നിവിടങ്ങളിലെ ലുഗ്ഡ, ഉത്തർപ്രദേശിലെ ലുഗ്ഡി, ഒഡീഷയിലെ സാർഹി തുടങ്ങിയവ സാരിയുടെ തദ്ദേശീയ പേരുകളാണ്.4 മുതൽ 9 യാർഡ് വരെ നീളത്തിലും ഏകദേശം മൂന്നടി വീതിയിലും ഉള്ള ദീർഘ ചതുരാകൃതിയിലുള്ള തുണിയാണ് സാരി. ഇതിന്റെ സവിശേഷമായ ഗുണഗങ്ങൾ കാരണം ഹൈന്ദവ സംസ്കാരം നിഷ്ക്കർഷിക്കുന്ന മാന്യതയുടെ തത്വങ്ങളുമായും സാരി പൊരുത്തപ്പെടുന്നു.സാരി വ്യത്യസ്ത തുണിത്തരങ്ങളിലും ഇഴ വിന്യാസത്തിലും ലഭ്യമാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ രൂപം കൊണ്ട വിവിധ ശൈലികളാൽ അലംകൃതമാണ് സാരി. ഒരു പ്രത്യേക പ്രദേശത്തെ നെയ്ത്ത് സങ്കേതങ്ങൾ അനുസരിച്ച് ഇന്ത്യൻ സാരികളെ തരംതിരിക്കാം. കൈത്തറി, എംബ്രോയ്ഡറി, റെസിസ്റ്റ്-ഡൈഡ് (ട്രൈഡൈറ്റ്ലര) അല്ലെങ്കിൽ പ്രിന്റഡ് സാരികളുടെ പരമ്പരാഗത ശ്രേണി തന്നെ നിലവിലുണ്ട്. ഉത്തർപ്രദേശിൽ നിന്നുള്ള ബനാറസ് പട്ട്, പശ്ചിമ ബംഗാളിൽ നിന്നുള്ള ജാംദാനി, തമിഴ്നാട്ടിൽ നിന്നുള്ള കാഞ്ചീവരം, മഹാരാഷ്ട്രയിൽ നിന്നുള്ള പൈതാനി, ഗുജറാത്തിൽ നിന്നുള്ള ആശാവലി, മധ്യപ്രദേശിൽ നിന്നുള്ള ചന്ദേരി മഹേശ്വരി തുടങ്ങി അതിമനോഹരമായ കൈത്തറി സാരികൾ ഏറെയുണ്ട്. ഉത്തർപ്രദേശിൽ നിന്നുള്ള ചിക്കങ്കരി, പശ്ചിമ ബംഗാളിൽ നിന്നുള്ള കാന്ത, കർണാടകയിൽ നിന്നുള്ള ഇൽക്കൽ കസുതി സാരി എന്നിവ എംബ്രോയ്ഡറി ചെയ്ത സാരികളിൽ ചിലതാണ്. ഗുജറാത്തിൽ നിന്നുള്ള പടോള, ഒഡീഷയിൽ നിന്നുള്ള ബന്ദാസ്, ആന്ധ്രാപ്രദേശിൽ നിന്നുള്ള പോച്ചംപള്ളി, രാജസ്ഥാൻ, ഗുജറാത്ത് എന്നിവിടങ്ങളിൽ നിന്നുള്ള ബാന്ധനി പോലുള്ള ഫാബ്രിക് റെസിസ്റ്റ് ഡൈഡ് സാരികളും ആകർഷകമാണ്. ആന്ധ്രാപ്രദേശ്, മധ്യപ്രദേശ്, ഗുജറാത്ത്, രാജസ്ഥാൻ തുടങ്ങിയ പ്രദേശങ്ങളിൽ നിന്നുള്ള പലതരം ബ്ലോക്ക് പ്രിന്റഡ് സാരികൾ ഈ വസ്ത്രത്തിന്റെ വിപുലമായ പട്ടികയിൽ ഉൾപ്പെടുന്നു.ഇന്ത്യയിലുടനീളമുള്ള നിരവധി പ്രാദേശിക, വംശീയ, ഗോത്ര സമൂഹങ്ങളിലെ വ്യത്യസ്ത ശൈലികളും ധാരണ രീതികളും നിരീക്ഷിക്കുന്നത് രസകരമാണ്. ചതുരാകൃതിയിലുള്ള സാരി മൂന്ന് ഭാഗങ്ങളായി വേർതിരിക്കുന്നു - പ്രധാനഭാഗം, ബോർഡറുകൾ, അറ്റം എന്നിവ വിവിധ രീതികളിൽ ഉടുക്കുന്നതിലൂടെ ദ്വിമാന തുണിത്തരങ്ങളെ ഘടനാപരമായ വസ്ത്രമാക്കി മാറ്റുന്നു. അറിയപ്പെടുന്ന ഫ്രഞ്ച് നരവംശശാസ്ത്രജ്ഞനായ ഷോൺതൽ ബുലാംജർ ഇന്ത്യയിൽ പ്രചാരത്തിലുള്ള 100-ലധികം വ്യത്യസ്ത സാരി ധാരണ രീതികളെ പട്ടികപ്പെടുത്തിയിട്ടുണ്ട്. ചില ജനപ്രിയ ധാരണ ശൈലികളിൽ നിവി അഥവാ മുൻവശത്ത് പ്ലീറ്റുകളും എൻഡ്-പീസ് പ്ലീറ്റുചെയ്ത് ഇടത് തോളിൽക്കൂടി പിന്നിൽ തൂങ്ങിക്കിടക്കുന്ന വിധം ധരിക്കുന്ന രീതിയും ഉൾപ്പെടുന്നു; ഒരു ദ്വിഗ്രമായ ട്രൗസർ പോലെ പിൻഭാഗ പ്ലീറ്റുള്ള മഹാരാഷ്ട്രൻ കച്ച ശൈലി; അറ്റം പിന്നിൽ നിന്ന് മുന്നിലേക്ക് പൊതിഞ്ഞ്, മാറിടം മറയ്ക്കുന്ന ഉത്തരേന്ത്യൻ ശൈലി, അരയിൽ ചുറ്റുന്ന ദ്രാവിഡ ശൈലി എന്നിവ വ്യത്യസ്തത ധാരണ രീതികളാണ്. ഗൗൺ, പാവാട, പലാസൊ പോലെ തോന്നിപ്പിക്കുന്ന തരത്തിൽ 108 വ്യത്യസ്ത രീതികളിൽ സാരി അണിയുന്നതിൽ വൈദഗ്ധ്യം നേടിയിട്ടുള്ള ടെക്സ്റ്റൈൽ ചരിത്രകാരിയായ റിത കപൂർ ചിസ്തി സാരി അണിയാൻ യുവതലമുറയ്ക്ക് പ്രചോദനം നൽകുന്നു. തുണിത്തരങ്ങൾ, മൂല്യവർദ്ധന, ധാരണ ശൈലി, സാരിക്കൊപ്പമുള്ള ബ്ലൗസ് എന്നിവയിൽ പരീക്ഷണം നടത്തി ഇന്ത്യൻ ഫാഷൻ ഡിസൈനർമാർ സൃഷ്ടിച്ച വിവിധ രീതികളിൽ പരമ്പരാഗത വസ്ത്രത്തിൽ നിന്ന് പുതു ഫാഷനുകളിലേക്കുള്ള സാരിയുടെ യാത്ര ദൃശ്യമാണ്. ദീർഘചതുരാകൃതിയിലുള്ള തുണിയിൽ പരീക്ഷണം നടത്താൻ ധാരാളം അവസരങ്ങളുണ്ട്. ഇത്തരം മാറ്റങ്ങളിൽ ആകൃഷ്ടരായി യുവതലമുറ സാരി ധരിക്കുകയും സ്വന്തം ശൈലികൾ സൃഷ്ടിക്കുകയും ചെയ്യുന്നു. പാരമ്പര്യവും ആധുനികതയും സമന്വയിപ്പിക്കുന്ന സാരി, ലോകത്തിന് മുന്നിൽ ജനപ്രീതിയുള്ള, കാലാതിവർത്തിയായ ഇന്ത്യൻ വസ്ത്രമായി നിലനിൽക്കും.

# ഉടലിന്റെ രാഷ്ട്രീയം പറഞ്ഞ് ബിനാലെ 'ഇട'ത്തിലൊരു തുരുത്ത്

കൊച്ചി: ഉടലിന്റെ രാഷ്ട്രീയം ചർച്ച ചെയ്യുന്ന ശിൽപസൗധമാണ് ബിനാലെയിൽ മലയാളി കലാകാകാരി ഇ ജി ചിത്ര ഒരുക്കിയ 'തുരുത്ത്'. കലാവിഷ്കാരത്തിൽ, സംവേദനത്തിൽ ഉടലിന്റെ സാധ്യതകൾ സംബന്ധിച്ച ചോദ്യങ്ങളും ചിന്തകളും തുരുത്തിലെ ഓരോ ചെറുശിൽപവും (മകുറ്റ്) ഉന്നയിക്കുന്നു. ബിനാലെയിൽ ഇതാദ്യമായി കേരളത്തിലെ സമകാല കലാസൃഷ്ടികൾക്കു മാത്രമായി സജ്ജമാക്കിയ എറണാകുളം ഡർബാർ ഹാൾ ആർട്ട് ഗാലറിയിലെ 'ഇടം' പ്രദർശനത്തിലാണ് തുരുത്ത് ശ്രദ്ധേയമാകുന്നത്. 'ദേഹം എന്ന ആശയത്തിലാണ് നേരത്തെ മുതൽക്കെ ചിത്രയുടെ ശിൽപരചന. 'തുരുത്തി'ലും ഈ ആശയത്തിൽ നിരവധി ചെറുശിൽപങ്ങൾ ടെറാക്കോട്ടയിൽ തീർത്തശേഷം കളിമണ്ണിൽ ഉറപ്പിച്ചു. ഒറ്റയ്ക്കൊറ്റയ്ക്ക് വ്യത്യസ്ത സന്ദേശം സ്വന്തമായ ചെറുശിൽപങ്ങൾക്ക് പൊതുവിലൊരു അന്തർധാരയുമുണ്ട്. ഇവയെ ഒരു ദ്വീപിലെന്ന വിധം വിന്യസിച്ചപ്പോൾ അതൊരു പ്രതിഷ്ഠാപനമായി.ശരീരത്തിന്റെ രാഷ്ട്രീയം പറയുമ്പോൾ തന്നെ തുരുത്തിൽ കൂട്ടായ്മയുടെ ഉൾപ്പെടെ അർത്ഥഭാവങ്ങളും കാണാം'' - പ്രദർശനത്തിൽ തുരുത്തിന്റെ ക്യൂറേറ്ററായ ജിജി സ്കറിയ വിശദീകരിച്ചു.'പ്രാഥമിക ചെറു ശിൽപങ്ങൾ - മകുറ്റ് - ഒരുക്കുമ്പോൾ തിരുത്തലുകൾക്ക് എളുപ്പമാണ്. നിശ്ചിത വലുപ്പത്തിലുള്ള ശിൽപമാക്കേണ്ടതെന്ന് ബോധ്യമാകുന്നവ അവ്വിധം മാറ്റുകയും ചെയ്യും. ഇക്കുറി മകുറ്റുകൾ മെനഞ്ഞു തുടങ്ങിയപ്പോൾ അവയോരോന്നിന്റേയും ആഖ്യാനസാധ്യതകൾ തിരിച്ചറിഞ്ഞ് അതിൽ തന്നെ മുന്നോട്ട് പോകാൻ തോന്നി. അങ്ങനെ രൂപപ്പെട്ട ധാരാളം മകുറ്റുകൾ 'തുരുത്തി'ലേക്കെത്താൻ സഹായിച്ചു.' ശിൽപി ചിത്ര പറഞ്ഞു. സ്വാഭാവിക ചിന്തകൾ ശിൽപങ്ങളിലേക്ക് പരിവർത്തനം ചെയ്യുന്നതാണ് തന്റെ ശൈലി. വിവിധ ചിന്തകൾ, ആശയങ്ങൾ, കൂട്ടായ്മകൾ, ആകുലതകൾ, ആഘോഷങ്ങൾ, വികാര-വിചാരങ്ങൾ ഒക്കെക്കൂടി പരിണമിച്ചതാണ് തുരുത്തും. തുരുത്തിൽ കാണുന്ന രൂപങ്ങളിലേറെയും അധ്വാനിക്കുന്ന സ്ത്രീകളുടെയാണ്. അതേസമയം ലിംഗഭേദം മനസിലാക്കാൻ കഴിയാത്തവയുമുണ്ട്. പരമ്പരാഗത സ്ത്രീ സങ്കൽപ്പങ്ങളിൽ നിന്ന് വിഭിന്നമായിട്ടുള്ളവയും കാണാം. തന്റെ വ്യക്തിഗത വൈകാരിക ഭാവപ്രകാശനവും സർറിയലിസ്റ്റ് സമീപനവും തുരുത്തിലുണ്ട്. ഒറ്റയൊറ്റ വലിയ ശിൽപങ്ങൾ രചിക്കുന്ന പതിവ് രീതിയിൽ നിന്നുമാറി തുരുത്തിൽ പുതിയ സമീപനമാണ് താൻ അവലംബിച്ചതെന്നും ചിത്ര വിശദീകരിച്ചു.ഇനി എന്താണ് തുരുത്തിന് സംഭവിക്കുന്നതെന്ന് നിരീക്ഷിക്കാനാണ് ചിത്ര ഒരുങ്ങുന്നത്. ചിലപ്പോ അത് പൊളിഞ്ഞ് പോയേക്കാം. ഇപ്പോൾ തന്നെ പല ഭാഗത്തും വിള്ളലുകൾ കാണാം. അങ്ങനെ പൊളിഞ്ഞ ഭാഗങ്ങൾ എങ്ങനെ സ്വാധീനിക്കും എന്നതാണ് മനസിലാക്കേണ്ടത്. വേണമെങ്കിൽ പൊട്ടുന്ന ഭാഗം വീണ്ടും പഴയതുപോലെ ആക്കാം. പക്ഷേ, അതിനല്ല ശ്രമമെന്നും ചിത്ര പറഞ്ഞു.ഫൈൻ ആട്സിൽ ബിരുദവും ബിരുദാനന്ത ബിരുദവും തിരുവനന്തപുരം ആർഎൽവി കോളജിൽ നിന്ന് നേടിയ ചിത്ര അവിടെ തന്നെ ഗസ്റ്റ് അധ്യാപികയാണിപ്പോൾ. 2019ൽ ശിൽപകലയ്ക്കുള്ള സംസ്ഥാന അവാർഡിനർഹയായി. കേരള ലളിത കലാ അക്കാദമിയുടെ അവാർഡ്, ദേശീയ യുവ ആർട്ടിസ്റ്റ് സ്കോളർഷിപ്പ് എന്നിവയും ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് അകത്തും പുറത്തുമായി നിരവധി പ്രദർശനങ്ങളുടെ ഭാഗമായി. എറണാകുളം കുമ്മനോട് സ്വദേശിയായ ചിത്രയുടെ ഭർത്താവ് അനന്തനും ആർട്ടിസ്റ്റാണ്.






# ദേശീയ ഗണിത ശാസ്ത്ര ദിനം

ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമായ ഡിസംബർ 22 ആണ് ദേശീയ ഗണിത ശാസ്ത്ര ദിനം. ഗണിതശാസ്ത്രത്തെക്കുറിച്ചറിയൂ. ശാസ്ത്രജ്ഞരേയും.ഇന്ത്യ പൗരാണിക കാലം തൊട്ടേ ഗണിത ശാസ്ത്ര മേഖലയിൽ വിലപ്പെട്ട സംഭാവനകൾ നൽകി വന്ന രാജ്യമാണ്. വിശ്വപ്രതിഭകളായ അനേകം ഗണിതശാസ്ത്രജ്ഞർ ഈ മണ്ണിൽ ജീവിച്ചു. ലോക പ്രശസ്ത ഇന്ത്യൻ ഗണിത ശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജന്റെ ജന്മദിനമായ ഡിസംബർ 22 ആണ് ഇന്ത്യയിൽ ദേശീയ ഗണിത ശാസ്ത്ര ദിനമായി ആചരിക്കുന്നത്.എല്ലാ ശാസ്ത്രങ്ങളുടേയും റാണിയാണ് ഗണിത ശാസ്ത്രം. ശാസ്ത്രത്തിലെ ഭൂരിഭാഗം പ്രശ്നങ്ങളും ഗണിത ശാസ്ത്രത്തിലധിഷ്ഠിതമായി പരിഹരിക്കാൻ സാധിക്കുമെന്നാണ് നിഗമനം. ദേശീയ ഗണിത ശാസ്ത്ര വർഷമായി ആചരിച്ചത് 2012 ആണ്. ഗണിത ശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജന്റെ 125ാം ജന്മ വാർഷികത്തിന്റെ ഓർമയ്ക്കായാണ് ഗണിത വാർഷികം ആചരിച്ചത്.

## ആര്യഭടൻ

ഗണിതശാസ്ത്രത്തിലും ജ്യോതി ശാസ്ത്രത്തിലും പ്രതിഭ തെളിയിച്ച വ്യക്തിത്വമാണ് ആര്യഭടൻ. കേരളത്തിലാണ് അദ്ദേഹത്തിന്റെ ജനനമെന്ന് ഭൂരിഭാഗം ഗവേഷകരും കരുതുന്നു. ആര്യ ഭടന്റെ ലോകപ്രസിദ്ധമായ കൃതിയാണ് ആര്യഭടീയം. എഡി.522 ൽ ഈ കൃതി രചിക്കുമ്പോൾ അദ്ദേഹത്തിന്റെ പ്രായം 24 വയസ് .

ഗീതികാപാഠം, ഗണിത പാഠം, കാലക്രിയാപാഠം, ഗോളപാഠം എന്നിങ്ങനെ വിവിധ ഭാഗങ്ങളായി ഈ കൃതി തരം തിരിച്ചിട്ടുണ്ട്. ഗണിത സിദ്ധാന്തങ്ങൾ, കാലവർഷഗണങ്ങൾ എന്നിവ ആര്യഭടീയത്തിൽ പഠന വിഷയമാണ്.ഇദ്ദേഹത്തോടുള്ള ആദര സൂചകമായിട്ടാണ് ഭാരതത്തിന്റെ ആദ്യത്തെ കൃത്രിമ ഉപഗ്രഹത്തിന് ആര്യഭട്ട എന്നു പേരു നൽകിയത്. അദ്ദേഹത്തിന്റെ 1500 ാം ജന്മ വാർഷികത്തിന്റെ ഭാഗമായാണ് പ്രസ്തുത നാമകരണം. എന്നാൽ ആര്യഭടൻ എന്നത് ഒരു നാമം അല്ലെന്നും ആര്യാവൃത്തത്തിൽ ഒരുഗ്രന്ഥം രചിച്ചതിനാൽ പ്രസ്തുത ഗ്രന്ഥത്തിന്റെ കർത്താവ് എന്ന നിലയിൽ ഒരു ബിരുദമായി നൽകിയതാണ് എന്നും അഭിപ്രായമുണ്ട്.പൈയുടെ മൂല്യം 3.1416 ആണെന്ന് അറിയാമല്ലോ. ഈ കണ്ടെത്തൽ നടത്തിയത് ആര്യഭടനാണ്. ആര്യഭടീയത്തിലെ ഗണിത പാദത്തിൽ പൈയെക്കുറിച്ച് വിവരിക്കുന്ന ശ്ലോകത്തിൽ പ്രതിപാദിക്കുന്ന ചതുരധികം ശതമെന്നാൽ 104 ആണ്.ദ്വാദഷ്ടിസ്തഥാ സഹസ്രാനാം എന്നാൽ 62000 അയുതദ്വയമെന്നാൽ ഇരുപതിനായിരം അങ്ങനെ വരുമ്പോൾ പൈയുടെ പരിധി 62832 ഉം വ്യാസം 20000 ഉം വരും. ഇവയുടെ ഏകദേശ വിലയാണ് 3.1416

## ശ്രീനിവാസ രാമാനുജൻ

ആധുനിക ഭാരതത്തിലെ ഏറ്റവും പ്രതിഭാശാലിയായ ഗണിത ശാസ്ത്രജ്ഞനായ ശ്രീനിവാസ രാമാനുജൻ 1877 ഡിസംബർ 22ന് തമിഴ്നാട്ടിലെ ഈ റോഡിലാണ് ജനിച്ചത്.

സംഖ്യാസിദ്ധാന്തം, അനന്തശ്രേണി, ഗണിത വിശകലനം എന്നിവയിൽ രാമാനുജൻ വിലപ്പെട്ട സംഭാവനകൾ നൽകി. ഉന്നത ഗണിത വിദ്യാഭ്യാസം ലഭിക്കാതിരുന്നിട്ടും സ്വപ്രയത്നത്താൽ അദ്ദേഹം ഗണിതശാസ്ത്രത്തിലെ ഉന്നത പദവി അലങ്കരിച്ചു.

## രാമാനുജൻ സംഖ്യ

1729 രാമാനുജൻ ഹാർഡി സംഖ്യയായി അറിയപ്പെടുന്നു. രോഗബാധിതനായി ലണ്ടനിലെ ആശുപത്രിയിൽ കിടക്കുന്ന നേരം രാമാനുജനെ കാണാൻ ഇംഗ്ലിഷ് ഗണിത ശാസ്ത്രജ്ഞനായ ജി.എച്ച് ഹാർഡി ഒരു ടാക്സിയിൽ പോയി. 1729 ആയിരുന്നു ടാക്സിയുടെ നമ്പർ.
കാറിന്റെ നമ്പർ അവരുടെ സംസാരത്തിൽ വന്നപ്പോൾ നമ്പറിന്റെ പ്രത്യേകത എന്താണെന്ന് അറിയാമോ എന്ന് ഹാർഡിയോട് രാമാനുജൻ ചോദിച്ചു. അതൊരു സാധാരണ നമ്പർ ആണെന്നായിരുന്നു ഹാർഡിയുടെ ഉത്തരം.എന്നാൽ ഈ കാര്യം രാമാനുജൻ നിഷേധിച്ചു. രണ്ട് പോസിറ്റീവ് ക്യൂബുകളുടെ തുകയായി എഴുതാവുന്ന ഏറ്റവും ചെറിയ സംഖ്യയാണ് 1729 എന്നായിരുന്നു രാമാനുജന്റെ മറുപടി. അതെങ്ങനെയെന്ന് നോക്കാം
1729=13+123=93+103

## ആര്യഭടൻ കേരളീയനോ

ലോകപ്രശസ്ത ശാസ്ത്രകാരനായ ആര്യഭടൻ കേരളീയനാണോ എന്ന വാദം ചരിത്രകാരന്മാർ ഉന്നയിക്കുന്നതിന് പിന്നിൽ നിരവധി കാരണങ്ങളുണ്ട്. ആര്യഭടത്തിലെ പ്രമുഖ വ്യാഖ്യാതാവാണ് കേളല്ലൂർ സോമയാജിപ്പാട്. ഇദ്ദേഹം ആര്യഭടനെ വിശേഷിപ്പിച്ചിരിക്കുന്നത് അശ്മക ജനപദ ജാത എന്നാണ് അശ്മകം എന്നത് പുരാതന കൊടുങ്ങല്ലൂരാണെന്ന് ആപ്തെയുടെ സംസ്കൃത നിഘണ്ടുവിൽ വിവക്ഷയുണ്ട്. ആര്യഭടത്തിൽ കാണുന്ന ആര്യഭടസ്ത്വിഹനിഗദതി കുസുമപുഃരദ്യാർജിതം ജ്ഞാനം എന്ന ശ്ലോകത്തിലെ കുസുമ പുരം തൃശൂരിനടുത്ത പൂങ്കുന്നമാണെന്ന് വിശ്വസിക്കപ്പെടുന്നു.
കൊടുങ്ങല്ലൂരിന് സമീപ പ്രദേശമാണല്ലോ പൂങ്കുന്നം. മാത്രമല്ല ആര്യഭടീയം ബ്രഹ്മസിദ്ധാന്തം ആസ്പദമാക്കി രചിച്ച കൃതിയാണ്. ഇന്ത്യയിൽ കേരളം ഒഴികെയുള്ള പ്രദേശങ്ങൾ സൂര്യസിദ്ധാന്തത്തിലാണ് അടിയുറച്ച് വിശ്വസിച്ചിരുന്നത്. കേരളമാകട്ടെ ബ്രഹ്മസിദ്ധാന്തത്തിന്റെ പിന്തുടർച്ച നിലനിർത്തിയിരുന്നു.
ഈ കാര്യവും ആര്യഭടൻ കേരളീയനാണെന്ന വാദത്തിലേക്കെത്തിക്കുന്നു. കേരളത്തിലെ അക്ഷര സംഖ്യാ വ്യവസ്ഥയും ആര്യഭടന്റെ അക്ഷര സംഖ്യാ വ്യവസ്ഥയും സമാന ബന്ധം പുലർത്തുന്നവയാണ്. എന്നാൽ കുസുമപുരം പാറ്റ്നയിലാണെന്ന് ചില ചരിത്രകാരന്മാർ അഭിപ്രായപ്പെടുന്നു. കാരണം ആ കാലത്ത് പാറ്റ്നയിലെ കുസുമപുരത്ത് ലോക പ്രശസ്തമായ ഗണിത വിജ്ഞാന കേന്ദ്രമുണ്ടായിരുന്നു. വിദേശ രാജ്യങ്ങളിൽ നിന്നുപോലും വിദ്യാർഥികൾ പഠിച്ചിരുന്ന ആ പാഠശാലയിൽ ആര്യഭടനും വിദ്യാഭ്യാസം നേടിയിട്ടുണ്ടാകാം. കേരളത്തിൽ ജനിച്ച അദ്ദേഹം പാറ്റ്നയിലാണ് ഉപരി പഠനം നടത്തി ശിഷ്ടകാലം ജീവിച്ചിരുന്നത് എന്ന വാദവുമുണ്ട്.

കേരളത്തിൽ നിന്നു പാറ്റ്നയിലേക്ക് ആ കാലം സഞ്ചരിക്കുന്നത് പ്രയാസമേറിയ കാര്യമാണെന്ന് ഊഹിക്കാമല്ലോ. ഇന്ത്യയിലെ ലോക പ്രസിദ്ധ സർവകലാശാലയായ നളന്ദ സ്ഥിതി ചെയ്തിരുന്നത് പാടലീ പുത്രയിലാണ്. പാടലീ പുത്രം എന്നത് ബീഹാറിലെ പാറ്റ്ന തന്നെ. അങ്ങനെയെങ്കിൽ കുസുമപുരവും പാടലീ പുത്രവും ഒന്ന് തന്നെയായിരിക്കണം. നളന്ദ സർവകലാശാലയിൽ നിന്നു ജ്യോതിശാസ്ത്രത്തിൽ ഉന്നത പഠനം നടത്തിയ ആര്യഭടൻ പ്രസ്തുത സർവകലാശാലയുടെ തലവനായി മാറിയെന്നുമാണ് ചരിത്രകാരന്മാരുടെ നിഗമനം.

## ശകുന്തളാദേവി

കംപ്യൂട്ടറിനെ തോൽപ്പിക്കുന്ന വേഗത്തിൽ ഗണിതക്രിയകൾ ചെയ്യാൻ കഴിവുണ്ടായിരുന്ന ഗണിത പ്രതിഭയായിരുന്നു ശകുന്തളാദേവി. 1939 ൽ ബാംഗ്ലൂരിലായിരുന്നു ജനനം.1977ൽ അമേരിക്കയിലെ ഡള്ളാസിൽ കംപ്യൂട്ടറുമായി നടന്ന ഒരു ഗണിത മത്സരത്തിൽ 50 സെക്കൻഡിനുള്ളിൽ ഉത്തരം നൽകി കംപ്യൂട്ടറിനെ തോൽപ്പിച്ചു. 201 അക്ക സംഖ്യയുടെ 23 ാം വർഗമൂലമാണ് ഇവർ മനക്കണക്കിലൂടെ കണ്ടെത്തിയത്.
1980ൽ ലണ്ടനിലെ ഇമ്പീരിയൽ കോളജിൽ വച്ച് കംപ്യൂട്ടറുമായി നടന്ന മറ്റൊരു മത്സരത്തിൽ പതിമൂന്നക്ക സംഖ്യകളുടെ ഗുണന ഫലം ഇരുപത്തിയെട്ട് സെക്കൻഡ് കൊണ്ട് മനക്കണക്കിലൂടെ കണ്ടെത്തി ശകുന്തളാദേവി ഗിന്നസ് ബുക്കിൽ ഇടം നേടി. നിരവധി പുസ്തകങ്ങളും ശകുന്തളാദേവി രചിച്ചിട്ടുണ്ട്. ബുക്ക് ഓഫ് നമ്പേഴ്സ്, ഇൻ ദ വണ്ടർലാൻഡ് ഓഫ് നമ്പേഴ്സ്, സൂപ്പർ മെമ്മറി ഇറ്റ് കേൻ ബി യുവേഴ്സ് ആൻഡ്, പസിൽസ് ടു പസിൽ യു തുടങ്ങിയവ ഇവരുടെ കൃതികളാണ്.

## ഭാസ്കരൻ1

ലോക പ്രശസ്തി നേടിയ ഗണിത ശാസ്ത്രജ്ഞനാണ് ഭാസ്കരൻ 1 ആര്യഭടന്റെ അനുയായിയായ ഇദ്ദേഹം മഹാഭാസ്കരീയം, ലഘു ഭാസ്കരീയം, ആര്യഭടീയ ഭാഷ്യം എന്നിവയുടെ രചയിതാവാണ്. എ.ഡി ആറാം ശതകത്തിലാണ് ഇദ്ദേഹത്തിന്റെ ജനനമെന്ന് അനുമാനിക്കുന്നു.

## ഭാസ്കരൻ 2

ഭാസ്കരാചാര്യ എന്ന പേരിൽ പ്രശസ്തനായ ഗണിത ശാസ്ത്രജ്ഞനാണ് ഭാസ്കരൻ 2. എ.ഡി 1114ലാണ് ഇദ്ദേഹത്തിന്റെ ജനനം. സിദ്ധാന്ത ശിരോമണി ഇദ്ദേഹത്തിന്റെ പ്രസിദ്ധ ഗ്രന്ഥമാണ്. ലീലാവതി, ബീജ ഗണിതം, ഗ്രഹഗണിതം, കരണകുതുഹലം, ഗോളം എന്നിവ മറ്റുകൃതികളാണ്. ഇന്ത്യയിലെ യൂക്ലിഡ് എന്ന അപരനാമവും ഇദ്ദേഹത്തിനുണ്ട്.

## നീലകണ്ഠ സോമയാജി

പതിനാറാം നൂറ്റാണ്ടിൽ കേരളത്തിൽ ജീവിച്ച ഗണിത ശാസ്ത്രജ്ഞനാണ് നീലകണ്ഠ സോമയാജി. ഗണിതത്തിലെ ജ്യാമിതിയിൽ വിലപ്പെട്ട സംഭാവന നൽകി. തന്ത്രസംഗ്രഹം ഇദ്ദേഹത്തിന്റെ മുഖ്യ കൃതിയാണ്. ചാപം,വൃത്തപരിധി, സൈൻ, കോസൈൻ എന്നിവയ്ക്കുള്ള അനന്തശ്രേണികൾ ഈ ഗ്രന്ഥത്തിൽ ചർച്ചാവിഷയമാണ്. സിദ്ധാന്ത ദർപ്പണം, ഗോളസാരം എന്നിവ മറ്റു കൃതികളാണ്.

## മാത്തമാറ്റിക്സ്

പഠിച്ച കാര്യങ്ങൾ എന്ന് അർഥം വരുന്ന മാത്തമാറ്റ എന്ന ഗ്രീക്ക് പദത്തിൽ നിന്നാണ് മാത്തമാറ്റിക്സിന്റെ പിറവി.



BUSINESS NEWS







# ഇന്ത്യൻ അടുക്കളകളിലേക്ക് അനുയോജ്യമായ ചെറിയ വീട്ടുപകരണങ്ങളുമായി ക്രോംപ്ടൺ

ഗുണനിലവാരം, പുതുമ, ഉത്പന്നങ്ങളുടെ ഈട് നിൽക്കാനുള്ള ശേഷി എന്നിവയിലെല്ലാം വിശ്വാസ്യതയുടെ പാരമ്പര്യമുള്ള ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രോണിക്സ് ലിമിറ്റഡ് (സിജിസിഇഎൽ) ചെറിയ വീട്ടുപകരണങ്ങളുമായി വിപണിയിലേക്ക് ഫാൻ, ലൈറ്റിങ്, പമ്പുകൾ, എന്നീ വിഭാഗങ്ങളിൽ മുന്നിട്ട് നിൽക്കുന്ന ക്രോംപ്ടൺ തങ്ങളുടെ എഞ്ചിനീയറിങ് പരിചയ സമ്പത്ത് അടുക്കള ഉപകരണങ്ങളിലേക്ക് കൂടി കൊണ്ടു വരികയാണ്. ക്രോംപ്ടണിന്റെ നവീനമായ ചെറിയ ഗൃഹോപകരണങ്ങൾ അടുക്കളകളിലേക്ക് എത്തുന്നതോടെ ആധുനിക ഇന്ത്യൻ അടുക്കളകൾ അടിമുടി മാറും. ആധുനിക ജീവിതത്തിന് അനുയോജ്യമായ വിധം കാര്യക്ഷമതയും സൗകര്യവും കണക്കിലെടുത്താണ് ഉപകരണങ്ങൾ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ഡീലക്സ് ഹോട്ട് കെറ്റിൽ, റൈസ് കുക്കർ, എയർ ഫ്രൈയർ, ഒടിജി, സാന്റ് വിച്ച് മേക്കർ, പോപ് അപ് ടോസ്റ്റർ, ഹാന്റ് ബ്ലണ്ടർ, ഇലക്ട്രിക് ചോപ്പർ, സ്റ്റീം അയൺ എന്നിങ്ങനെ ഒമ്പത് ഉത്പന്നങ്ങളാണ് ക്രോംപ്ടൺ വിപണിയിലെത്തിക്കുന്നത്. ഇന്ത്യയിലെ എല്ലാ വിപണികളിലും ഇ കോമേഴ്സ് വെബ്സൈറ്റുകളിലും ക്രോംപ്ടൺ വീട്ടുപകരണങ്ങൾ ലഭ്യമായിരിക്കും.

''ഉപഭോക്താവിന്റെ അനുഭവത്തെ കണക്കിലെടുത്താണ് ക്രോംപ ്ടണിന്റെ എല്ലാ ഉത്പന്നങ്ങളും രൂപകൽപ്പന ചെയ്യുന്നത്. ഈ ലക്ഷ്യത്തോട് എല്ലായിപ്പോഴും സത്യസന്ധത പുലർത്തുന്നു. ഇപ്പോഴത്തെ ഉത്പന്ന നിര പുതിയ പ്രവണതകളോട് ചേർന്ന് പോകുന്നത് മാത്രമല്ല നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾ കൂടുതൽ സൗകര്യപ്രദവും സുഖകരമാക്കുകയും അടുക്കളയുടെ ആലങ്കാരികതയിലേക്ക് മനോഹരമായ ഒരു സ്പർശം കൂടിയായിരിക്കും''. പുതിയ ഉപകരണങ്ങൾക്ക് ആരംഭം കുറിച്ച് കൊണ്ട് ക്രോംപ്ടൺ ഗ്രീവ്സ് കൺസ്യൂമർ ഇലക്ട്രിക്കൽസ് ലിമിറ്റഡ് അപ്ലൈയൻസ് വൈസ് പ്രസിഡന്റ് എൻ. ആനന്ദ് കുമാർ പറഞ്ഞു.

**ക്രോംപ്ടൺ തുടക്കമിട്ടിരിക്കുന്ന ഉത്പന്നങ്ങൾ:**

ഡീലക്സ് ഹോട്ട് കെറ്റിൽ ഓട്ടോ ഷട്ട് ഓഫ് സ്വിച്ചോടെയുള്ള 360 ഡിഗ്രി സ്വിവെൽ ബേസ് കെറ്റിലാണ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. സൗകര്യവും നിലവാരവും മികച്ച സ്വാദും പ്രദാനം ചെയ്യുന്നതായിരിക്കും ഉത്പന്നം. ഏറ്റവും പുതിയ സവിശേഷതകളായ മെഷ് സ്പ്രൗട്ട്, ബോറോ സിലിക്കേറ്റ് ഗ്ലാസ്, റിമൂവബിൾ ഇൻഫ്യൂസർ, എൽഇഡി ഇലുമിനേഷൻ എന്നിവ കൂടി ചേർന്നിരിക്കുന്നത് ചായയുടെയും കാപ്പിയുടെയും യഥാർത്ഥ സ്വാദ് നൽകുന്നതിനും ശുചിത്വം ഉറപ്പാക്കുന്നതിനും സഹായിക്കുന്നു. 3,000/- മുതലാണ് വില ആരംഭിക്കുന്നത്. .

ഹാർവെസ്റ്റ് പ്രോ സീരിസ് റൈസ് കുക്കർ ക്രോംപ്ടണിന്റെ ഹാർവെസ്റ്റ് പ്രോ സീരീസ് റൈസ് കൂക്കർ രുചികരമായ ഭക്ഷണം തയ്യാറാക്കുന്നതിന്റെ രഹസ്യം സൂക്ഷിക്കുന്നു. 15 മിനിട്ടുള്ളിൽ പാചകം പൂർത്തിയാക്കാൻ സഹായിക്കുന്നതാണ് ക്രോംപ്ടൺ റൈസ് കുക്കറിലെ സാങ്കേതിക വിദ്യ. നോൺസ്റ്റിക് കോട്ടിങ്ങാണ് റൈസ് കുക്കറിന്റേത്, പ്രീമിയം ഗ്രേഡിലുള്ള നോൺ സ്റ്റിക്ക് കോട്ടിങ്ങോടുകൂടിയ കുക്കിങ് ബൗൾ കൂടി ഇതിന് പുറമെ ലഭിക്കും. ഇതാകട്ടെ അരി ഒട്ടിപിടിച്ചിരിക്കുന്നത് ഒഴിവാക്കാൻ മാത്രമല്ല ശുചിയായിരിക്കാനും സഹായിക്കുന്നതാണ്. ആരംഭ വില 2,800/-

ന്യൂറിസ് പ്രോ എയർ ഫ്രൈയർ ഫ്രഞ്ച് ഫ്രൈസ്, ഡീപ്- ഫ്രൈഡ് ചിക്കൻ വിങ്സ്, തുടങ്ങിയ ജനപ്രിയമായ ഭക്ഷണങ്ങൾ ആരോഗ്യകരമായ രീതിയിൽ തയ്യാറാക്കുന്നതിന് പുതിയ തലമുറയിലെ ഫ്രൈയർ. ക്രോപ്ടണിന്റെ എയർ ഫ്രൈയർ നിങ്ങളെ ജീവിതത്തെ ആരോഗ്യകരവും മികച്ചതുമാക്കുന്നു. സൂപ്പർ ഹെലിക്സ് ഹീറ്റിങ് ഇലമെന്റും, ജെറ്റ് ടർബോ ഫിൻസും, ഭക്ഷണത്തെ രുചികരവും മുറുമുറുപ്പുള്ളതും മൊരിഞ്ഞതും തനതായ സ്വാദ് നിലനിർത്തുന്നതിനും സഹായിക്കുന്നു. ഇതോടൊപ്പം ഐഐസിഎ ന്യൂഡൽഹിയുടെ അംഗീകാരമുള്ള ക്രോംപ്ടൺ റൈസ് ബുക്ക് കൂടി ലഭ്യമാകും.

9700/- ആണ് ആരംഭ വില.

ബേക്കേഴ്സ് ഡിലൈറ്റ് ആന്റ് തന്തൂരി മാജിക് ഒടിജി 45 ലിറ്റർ ശേഷിയിൽ ബേക്കിങ്ങിന് അനുയോജ്യമായതും ശ്രേഷ്ഠമായ രുചിയുടെ രഹസ്യം ഉറപ്പാക്കുന്നതുമാണ് ക്രോപ്ടണിന്റെ ഒടിജി. ബേക്ക് , ടോസ്റ്റ്, ഗ്രിൽ എന്നിവ വീടുകളിൽ ചെയ്യുന്നതിന് താത്പര്യമുള്ളവർക്ക് ക്രോംപ്ടൺ ഒടിജി സ്വപ്ന സാക്ഷാത്കാരമായിരിക്കും. ടോപ് ആന്റ് ബോട്ടം ഹീറ്റ് ടെക്നോളജി , ഹൈ സ്പീഡ് കൺവെക്ഷൻ ഫാൻ വഴി ഇവൻ ഹീറ്റ് ഡിസ്ട്രിബ്യൂഷൻ എന്നിവ അടങ്ങുന്ന ക്രോംപ ്ടൺ ഒടിജി ഏറ്റവും മികച്ച രുചിയും മണവും ഉറപ്പ് നൽകുന്നതാണ്. ക്രോംപ്ടൺ റെസീപി ബുക്കിൽ നിന്നുള്ള പാചകവിധികൾ നിങ്ങളുടെ പാചകത്തെ ലാളിത്യമുള്ളതാക്കും. ആരംഭ വില 10,000/-


ക്വിക്ക് സെർവ് സാൻവിച്ച് മേക്കർ എല്ലാവർക്കും ലഘു ഭക്ഷണം ഇഷ്ടമുള്ളതെന്ന കാര്യം പരിഗണിക്കുമ്പോൾ ബ്രഡ് ആയിരിക്കും ഏറ്റവും ജനകീയമായ പ്രഭാത- സായാഹ്ന ഭക്ഷണം. തിരക്ക് പിടിച്ച പ്രഭാതത്തിൽ ഉപഭോക്താവിന് വേഗത്തിലും എളുപ്പത്തിലും പോകുന്ന പോക്കിൽ തന്നെ പ്രഭാത ഭക്ഷണം തയ്യാറാക്കുന്നതിന് ഒരു വീട്ടുപകരണം അത്യാവശ്യമാണ്. ക്രോംപ്ടൺ ക്വിക്ക് സെർവ് സാൻവിച്ച് മേക്കർ ഗോൾഡൺ ഫുഡ് ഗ്രേഡിങ് കോട്ടിങ്, ഫ്ലോട്ടിങ് ഹിഞ്ച് എന്നിവ ചേർന്നതാണ്. ഗ്രിൽ ചെയ്യുന്നതിനും വലിപ്പമുള്ള സാൻവിച്ച് പാചകം ചെയ്യാനും ഏറ്റവും ഉത്തമമാണിത്. ആരംഭ വില 3,000/-

സൺ ബ്രൗൺ പോപ് അപ് ടോസ്റ്റർ മൊരിഞ്ഞതും, പുതുതായി ടോസ്റ്റ് ചെയ്തതുമായി ബ്രഡ് വളരെ രുചികരമാണ്. അധികമായ രണ്ട് സ്ലോട്ട് നൽകിയിട്ടുണ്ട്. പോപ് അപ് ഫീച്ചർ വഴി അധിക സ്ലോട്ടുകളുപയോഗിച്ച് കനത്തിൽ തന്നെ പ്രഭാത ഭക്ഷണം പാകം ചെയ്യാനാകും. റീഹീറ്റ് റെഡ് ബാക്ക് ലൈറ്റ്, ഡീഫ്രോസ്റ്റ്, കാൻസൽ ഓപ ്ഷനുകൾ ലഭ്യമാണ്. 750 വാട്ട് പവർ ഉപയോഗപ്പെടുത്തി 2 മിനിട്ട് കൊണ്ട് ബ്രഡ് മൊരിഞ്ഞ് ലഭിക്കും. എളുപ്പത്തിൽ ശുചിയാക്കുന്നതിന് പോപ് അപ് ടോസ്റ്റർ വേർപ്പെടുത്താവുന്ന ക്രംപ് ട്രേയോടുകൂടിയതാണ്. ഹൈ ലിഫ്റ്റ് ഫക്ഷനും, ഓട്ടോ പോപ് അപ്പും, ചെറിയ കഷ്ണങ്ങളെ സുരക്ഷിതമായി പുറത്തെടുക്കാൻ അനുഗണമാണ്. ആരംഭ വില 2500/-

ബ്ലേന്റ് സെർവ് ഹാന്റ് ബ്ലെന്റർ ഏതാനും മിനിറ്റുനുള്ളിൽ നിങ്ങളുടെ ഉദ്യമം പൂർത്തിയാക്കുന്നതിന് ഉത്തമമായ ഉത്പന്നം. പ്രത്യേകിച്ചും നിങ്ങൾക്ക് സമയക്കുറവുള്ളപ്പോൾ, ഒന്നിലധികം ഉപയോഗമുള്ള ഉപകരണം ആഹാരം കലർത്തിയെടുക്കുന്നതിന് ഏറ്റവും അനുയോജ്യമാണ്. ശുചിയാക്കുന്നതിന് എളുപ്പത്തിനായി വേർപ്പെടുത്താവുന്ന സ്റ്റീൽ സ്റ്റെം, ഈട് നിൽക്കുന്നതിനും നിശബ്ദവുമായ പ്രവർത്തനത്തിന് ഡിസി മോട്ടോർ, ഫുഡ് ഗ്രേഡ് എസ്എസ് ബ്ലേഡുകൾ, ഉപകരണത്തിൽ തന്നെ നിർമ്മിച്ചിരിക്കുന്ന ഹാങിങ് ലൂപ്, വാൾ മൗണ്ട് ബ്രാക്കറ്റ്, സിംഗിൾ സ്പീഡ് സെറ്റിങ്, മിനുസമാർന്ന രൂപകൽപ്പന, സൗകര്യ പ്രദമായ ഗ്രിപ്പ്, എന്നിവയാണ് സവിശേഷതകൾ. പ്യൂറെ, സൂപ്പ്, സോസ്, കട്ടിയോടെയുള്ള ഷെയ്ക്ക് എന്നിവ തയ്യാറാക്കുന്നതിന് അനുയോജ്യമായ ഉത്പന്നമാണിത്. ആരംഭ വില 1800/-

ചോപ്പ് മാക്സ് ഇലക്ട്രിക് ചോപ്പർ ഉള്ളി, തക്കാളി എന്നിവ അരിയുന്നതിനും ഇഞ്ചി, വെളുത്തുള്ളി എന്നിവ അരച്ചെടുക്കുന്നതിനും ഏറ്റവും അനുയോജ്യമായതാണ് ചോപ്പ് മാക്സ് ഇലക്ട്രിക് ചോപ്പർ. അരിഞ്ഞെടുക്കാനും, അരച്ചെടുക്കുന്നതിനും, കലർത്തിയെടുക്കുന്നതിനും ഏതാനും സെക്കന്റുകൾ മതി. ടിൻ എസ് ഷേപ്പ്ഡ് നിൻജാ ബ്ലേഡുകളുടെ സവിശേഷത നിങ്ങളുടെ ജോലി വേഗത്തിൽ തീർക്കുന്നു. ആരംഭ വില 2000/-

ഫാബ്രിക് ഓട്ടോ ടെക് സ്ട്രീം അയൺ നിങ്ങളുടെ വസ്ത്രങ്ങൾ ചുളിവുകളില്ലാതെ ഏതാനും മിനിറ്റുനുള്ളിൽ സുരക്ഷിതമായി തേച്ച് എടുക്കുന്നിന് ക്രംപ്ടൺ സ്ട്രീം അയൺ മികച്ച തിരഞ്ഞെടുപ്പായിരിക്കും. 2200 വാട്സ് ഹീറ്റിങ് ഇലമെന്റ് എല്ലാതരം തുണികൾക്കും അനുയോജ്യമായ അളവിൽ ചൂട് നൽകുന്നതാണ്. 3- വേ ഓട്ടോ ഷട്ട് ഓഫ് ടെക്നോളജി, 30 സെക്കന്റ് വെർട്ടിക്കൽ, 8 മിനിട്ട് വെർട്ടിക്കൽ, 30 സെക്കന്റ് സൈഡ് വൈസ് എന്നിങ്ങനെ സമയം ക്രമീകരിക്കാനുള്ള സൗകര്യം. ഫെതർ ടച്ച് ഫാബ്രിക് എൽഇഡി ഡിജിറ്റൽ കൺട്രോൾ താപം നിയന്ത്രിക്കുന്നതിന് സഹായകരമാകുന്നു. പേ ാറൽ വീഴാതിരിക്കുന്നതിന് സെറാമിക് കോട്ടിങ് നൽകിയിരിക്കുന്നു. ഇതാകട്ടെ ഒരൊറ്റ വൺ ടച്ച് സെൽഫ് ക്ലീനിങ് ഫക്ഷനോടു കൂടിയതാണ്. വെർടിക്കൽ സ്ട്രീം, സ്ട്രീം ഷോട്ട് മോഡ് എന്നിവയോട് കൂടിയ അയണിങ് മികച്ച അനുഭവം പകരുന്നതാകും. ആരംഭ വില 8300/-. .




# പ്രൊഫഷണൽ അക്കൗണ്ടൻസി പ്രോഗ്രാം ആരംഭിക്കാൻ എം.ജി സർവകലാശാല – എസിസിഎ സഹകരണം

**കോട്ടയം:** പ്രൊഫഷണൽ അക്കൗണ്ടൻസി പ്രോഗ്രാം ആരംഭിക്കുതിന് മഹാത്മാഗാന്ധി (എംജി) സർവകലാശാല എസിസിഎ (അസോസിയേഷൻ ഓഫ് ചാർ േ്ടഡ് സർ ്ിഫൈഡ് അക്കൗണ്ടന്റ്സ്) യുമായി ധാരണാപത്രം ഒപ്പുവച്ചു. ഈ സഹകരണത്തിലൂടെ എം.ജി സർവകലാശാലയിലെ കീഴിലുള്ള എല്ലാ അഫിലിയേറ്റഡ് കോളജുകളിലും എസിസിഎയുമായി സംയോജിപ്പിച്ച ബിരുദ, ബിരുദാനന്തര കോഴ്സുകൾ ലഭ്യമാകും. ഈ അധ്യയന വർഷം മുതൽ തെ പ്രൊഫഷണൽ അക്കൗണ്ടൻസി പ്രോഗ്രാം തുടങ്ങും.ഇത്തെ കാലഘ ്ത്തിൽ ഒരുപോലെ അക്കൗണ്ടിങ്ങും മാനേജ്മെന്റ് വൈദഗ്ധ്യവുമുള്ള പ്രൊഫഷണലുകളെ തൊഴിൽ മേഖലയിൽ ആവശ്യമാണെും ഏത് മേഖലയിലും ബിസിനസ് വെല്ലുവിളികൾ നേരിടാൻ തയ്യാറാകേണ്ട വൈദഗ്ധ്യമുള്ള പ്രൊഫഷണലുകളുടെ ആവശ്യം ഈ പ്രോഗ്രാം നിറവേറ്റുമെും എം.ജി സർവകലാശാല വൈസ് ചാൻസലർ ഡോ. സാബു തോമസ് പറഞ്ഞു.എം.ജി സർവകലാശാലയിലെ വിദ്യാർഥികളുടെ തൊഴിലവസരത്തിന് ആവശ്യമായ അറിവ് നൽകുതിന് അവരുമായി പ്രവർത്തിക്കാൻ തങ്ങൾ ആഗ്രഹിക്കുുവെും എസിസിഎ ഇന്ത്യ ഡയറക്ടർ മുഹമ്മദ് സാജിദ് ഖാൻ പറഞ്ഞു.

FILM WORLD




# കേരളത്തിൽ റെക്കോഡ് കളക്ഷനുമായി 'അവതാർ– ദ വേ ഓഫ് വാട്ടർ'

കേരളത്തിൽ ഏറ്റവുമധികം കളക്ഷൻ നേടുന്ന ഹോളിവുഡ് ചിത്രം എന്ന ഖ്യാതി ഇനി 'അവതാർ- ദ വേ ഓഫ് വാട്ടർ'ന് സ്വന്തം.സ്പൈഡർമാൻ- നോ വേ ഹോം, ജംഗിൾബുക്ക് തുടങ്ങിയ ചിത്രങ്ങളെ അവതാർ2 പിന്നിലാക്കി കഴിഞ്ഞു. ഇതിനകം ചിത്രം 15 കോടിക്കടുത്ത് ഗ്രോസ് കളക്ഷൻ കേരളത്തിൽ നിന്നു നേടിയിട്ടുണ്ട്. ത്രീഡി ചാർജും മലയാളം പതിപ്പ് പുറത്തിറക്കിയതും കളക്ഷനെ സ്വാധീനിച്ചിട്ടുണ്ട്. ക്രിസ്മസ് അവധി ആരംഭിക്കുന്ന ഈ വാരാന്ത്യത്തോടു കൂടി കൂടുതലായി പ്രേക്ഷകർ ചിത്രത്തിനായി എത്തുമെന്നാണ് തിയറ്റർ ഉടമകൾ കണക്കാക്കുന്നത്.ലോകസിനിമാ ചരിത്രത്തിലെ വിഖ്യാത ചരിത്രമായ അവതാറിൻറെ രണ്ടാം ഭാഗമായി വന്ന 'അവതാർ- ദ വേ ഓഫ് വാട്ടർ'മികച്ച ദൃശ്യാനുഭവമാണ് സമ്മാനിക്കുന്നത്. ജെയിംസ് കാമറൂണിൻറെ സംവിധാനത്തിൽ ഒരുങ്ങിയ ഈ 3ഡി ചിത്രം ഇന്ത്യയിൽ ഇംഗ്ലീഷിനു പുറമേ ഹിന്ദി, തമിഴ്, തെലുങ്ക്, മലയാളം, കന്നഡ ഭാഷകളിൽ പ്രദർശിപ്പിക്കുന്നു. ഇന്ത്യയിൽ നിന്ന് 200 കോടി രൂപയുടെ ഗ്രോസ് കളക്ഷൻ ചിത്രം മറികടന്നു.20ത് സെഞ്ചറി പ്രൊഡക്ഷൻസ് അവതരിപ്പിക്കുന്ന ചിത്രം ആഗോള സിനിമാ പ്രേക്ഷകർ ഏറെക്കാലമായി ഏറ്റവുമധികം കാത്തിരുന്ന ചിത്രമാണ്. 2009ൽ പുറത്തിറങ്ങിയ അവതാർ ആഗോള തലത്തിൽ ഏറ്റവും ഉയർന്ന കളക്ഷൻ നേടിയ ചിത്രം എന്ന ഖ്യാതി 13 വർഷങ്ങൾക്കിപ്പുറവും നിലനിർത്തുന്നു. സാം വർത്തിംഗ്ടണും സോ സാൽഡാനയും തന്നെയാണ് രണ്ടാം ഭാഗത്തിലും മുഖ്യ വേഷത്തിലെത്തുന്നത്. സിഗോർണി വീവർ, സ്റ്റീഫൻ ലാങ്, വിൻ ഡീസൽ, കേറ്റ് വിൻസ്‌ലെറ്റ് എന്നിവരും അഭിനയിക്കുന്നു. അഞ്ചു ചിത്രങ്ങളാണ് ജെയിംസ് കാമറൂൺ അവതാർ സീരീസിൽ ആസൂത്രണം ചെയ്തിട്ടുള്ളത്. ഇതിൽ മൂന്നാമത്തെ ചിത്രത്തിൻറെ ഷൂട്ടിംഗ് പൂർണമായും നാലാമത്തെ ചിത്രത്തിൻറെ ചില രംഗങ്ങളും ചിത്രീകരണം പൂർത്തിയായിട്ടുണ്ട്.







# 'പുരുഷ താരങ്ങളെപ്പോലെ സ്ത്രീകളേയും തുല്യമായി പരിഗണിക്കണം' : നയൻതാര

**ചെന്നൈ:** തെന്നിന്ത്യൻ ചലച്ചിത്ര മേഖലയിലെ ലേഡി സൂപ്പർ സ്റ്റാർ ആണ് നയൻതാര. താരം കേന്ദ്ര കഥാപാത്രമാകുന്ന ഏറ്റവും പുതിയ ചിത്രം 'കണക്റ്റ്' റിലീസിനൊരുങ്ങുകയാണ്.ചിത്രത്തിന്റെ പ്രൊമോഷനുമായി ബന്ധപ്പെട്ട ഒരു അഭിമുഖത്തിൽ, താരം പറഞ്ഞ വാക്കുകളാണ് ഇപ്പോൾ ശ്രദ്ധ നേടുന്നത്. സിനിമയിൽ പുരുഷ താരങ്ങളെപ്പോലെ സ്ത്രീകളേയും തുല്യമായി പരിഗണിക്കണമെന്ന് നയൻതാര പറയുന്നു.

**നയൻ താരയുടെ വാക്കുകൾ ഇങ്ങനെ**

'അഭിനയത്തിന്റെ രണ്ടാം ദശകം തുടങ്ങിയപ്പോൾ എനിക്ക് ചില സ്വപ്നങ്ങളുണ്ടായിരുന്നു. അക്കാലത്ത് സ്ത്രീ കേന്ദ്രീകൃത സിനിമകൾ ഉണ്ടായിരുന്നില്ല, സ്ത്രീകൾക്ക് പ്രാധാന്യം നൽകിയിരുന്നില്ല. എന്തുകൊണ്ടാണ് നായികമാർക്ക് പ്രാധാന്യം കൊടുക്കാത്തത് എന്ന് ഞാൻ ചിന്തിച്ചിരുന്നു. നമ്മൾ ഒരു ഓഡിയോ ഫംഗ്ഷനിൽ പങ്കെടുത്താലും, അവർ ഞങ്ങളെ ഏതെങ്കിലും കോണിൽ നിർത്തും. ഇതാണ് ഇത്തരം പരിപാടികളിൽ പങ്കെടുക്കുന്നത് നിർത്താൻ കാരണം.കാത്തിരിപ്പിന് വിരാമം: മോഹൻലാൽ-ലിജോ ജോസ് പെല്ലിശ്ശേരി ചിത്രത്തിന്റെ ടൈറ്റിൽ ഡിസംബർ 23ന്സ്ത്രീകളെ സിനിമയിൽ പുരുഷ താരങ്ങളെപ്പോലെ തുല്യമായി പരിഗണിക്കണമെന്നും തുല്യമല്ലെങ്കിൽ കുറഞ്ഞ പ്രാധാന്യമെങ്കിലും നൽകണമെന്നും എനിക്ക് തോന്നുന്നു. ഇപ്പോൾ ധാരാളം സ്ത്രീ കേന്ദ്രീകൃത സിനിമകൾ വരുന്നുണ്ട്, അവ നിർമ്മിക്കാൻ നിരവധി നിർമ്മാതാക്കൾ മുന്നോട്ട് വരുന്നുണ്ട്. ഇതൊരു നല്ല മാറ്റമാണ്, നമുക്കത് കാണാൻ സാധിക്കുന്നുണ്ട്. 15 നായക കേന്ദ്രീകൃത സിനിമകളാണെങ്കിൽ കുറഞ്ഞത് അഞ്ച് സ്ത്രീ കേന്ദ്രീകൃത സിനിമകൾ ഇപ്പോഴുണ്ട്.'

# ഞാനിപ്പോൾ സംസാരിക്കാനൊക്കെ തുടങ്ങിയിട്ടുണ്ട്, എന്നെ അഭിനയിക്കാൻ വിളിച്ചോളൂ; ഫാസിലിനോട് ശ്രീനിവാസൻ


അസുഖപർവ്വം താണ്ടി ജീവിതത്തിലേക്ക് തിരിച്ചെത്തിയിരിക്കുകയാണ് നടനും തിരക്കഥാകൃത്തുമായ ശ്രീനിവാസൻ. 'കുറുക്കൻ' എന്ന ചിത്രത്തിലൂടെ അഭിനയത്തിലേക്ക് തിരിച്ചെത്തിയിരിക്കുകയാണ് മലയാളികളുടെ പ്രിയപ്പെട്ട ഈ നടൻ.ശ്രീനിവാസനൊപ്പം മകൻ വിനീതും ഈ ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.തമാശകളും തഗ്ഗ് ഡയലോഗുകളുമൊക്കെയായി സദസ്സിനെ കയ്യിലെടുക്കാൻ പ്രത്യേക കഴിവുള്ള നടനാണ് ശ്രീനിവാസൻ. 'കാപ്പ' എന്ന ചിത്രത്തിന്റെ പ്രമോഷൻ പരിപാടിയ്ക്കിടയിൽ ശ്രീനിവാസൻ പറഞ്ഞ വാക്കുകളാണ് ഇപ്പോൾ ശ്രദ്ധ നേടുന്നത്. 'മലയാള സിനിമയിലെ ഏറ്റവും മികച്ച തിരക്കഥാകൃത്തും സൂപ്പർ ഹിറ്റ് സിനിമകൾ എഴുതിയതും ഞാനാണെ'ന്നായിരുന്നു ചിരിയോടെ ശ്രീനിവാസൻ പറഞ്ഞത്. 'ഇത്രയും കാലം പറയാൻ പറ്റാതെ മൂടിവച്ച ഒരു സത്യം ഞാൻ തുറന്ന് പറയാൻ പോവുകയാണ്. മലയാള സിനിമയിലെ ഏറ്റവും മികച്ച തിരക്കഥാകൃത്ത് ഞാനാണ്. ഏറ്റവും കൂടുതൽ സൂപ്പർ ഹിറ്റുകൾ എഴുതിയത് ഞാനാണ്. മലയാളത്തിൽ ഏറ്റവും കൂടുതൽ തിരക്കഥ എഴുതിയതും ഞാൻ തന്നെയാണ്,' സരസമായ ശ്രീനിവാസന്റെ വാക്കുകളെ ചിരിയോടെയാണ് സദസ്സ് കേട്ടിരുന്നത്.ചടങ്ങിൽ ഫാസിലിനെ കണ്ടതിലുള്ള സന്തോഷവും ശ്രീനിവാസൻ പങ്കുവച്ചു. 'എന്നെ കാണാത്തത് കൊണ്ടാണോ എന്തോ ഫാസിലൊന്നും എന്നെ വച്ച് സിനിമയെടുക്കാത്തത് എന്നെനിക്ക് സംശയമുണ്ട്. എന്തായാലും ഞാനിപ്പോൾ സംസാരിക്കാനൊക്കെ തുടങ്ങിയിട്ടുണ്ട്. ഞാൻ വീണ്ടും അഭിനയിക്കാനും തുടങ്ങിയിട്ടുണ്ട്. അടുത്ത സിനിമയിൽ ഞാൻ അഭിനയിക്കാൻ വരാം,' ശ്രീനിവാസൻ പറഞ്ഞു.






# 10 ബില്യൺ ഡോളറും കടന്ന് ഐ പി എല്ലിന്റെ മൂല്യം, ലോകത്തിലെ ഏറ്റവും സമ്പന്ന ലീഗുകളിലൊന്ന്

ലോകത്തിലെ തന്നെ ഏറ്റവും സമ്പന്നമായ ലീഗുകളിൽ ഒന്നായി ഇന്ത്യൻ പ്രീമിയർ ലീഗ്. പുതിയ റിപ്പോർട്ടുകൾ പ്രകാരം ഐ പി എല്ലിന്റെ മൂല്യത്തിൽ വമ്പൻ കുതിച്ചുചാട്ടമാണ് ഉണ്ടായിരിക്കുന്നത്.പുതിയ രണ്ട് ടീമുകൾ എത്തിയതിനൊപ്പം മീഡിയ റൈറ്റ്സിലൂടെ ലഭിച്ച വമ്ബൻ കരറുമാണ് ഐ പി എല്ലിന്റെ മൂല്യത്തിൽ കുതിച്ചുചാട്ടം ഉണ്ടായിരിക്കുന്നത്. റിപ്പോർട്ടുകൾ പ്രകാരം 2022 ലെ ഐ പി എല്ലിന്റെ മൂലം 10 ബില്യൺ ഡോളറാണ് അതായത് 91000 കോടി ഇന്ത്യൻ രൂപ. കഴിഞ്ഞ വർഷം 6.1 ബില്യണായിരുന്നു ഐ പി എല്ലിന്റെ മൂല്യം. ഒറ്റവർഷം കൊണ്ട് 80% വളർച്ചയാണ് ഐ പി എൽ കൈവരിച്ചത്.15 വർഷത്തോളം മാത്രം പഴക്കമുള്ള ഐ പി എല്ലിന്റെ വളർച്ച ഏവരെയും അമ്പരിപ്പിക്കുന്നത്. ഇത്രയും വർഷം കൊണ്ട് മീഡിയ റൈറ്റ്സിൽ വമ്ബൻ ലീഗുകളെ പോലും പിന്നിലാക്കുവാൻ ഇന്ത്യൻ പ്രീമിയർ ലീഗിന് സാധിച്ചു. ഒരു മത്സരത്തിന് 118 കോടിയാണ് മീഡിയ റൈറ്റ്സ് വഴി ഐ പി എല്ലിന് ലഭിക്കുന്നത്. അമേരിക്കൻ ലീഗായ എൻ എഫ് എൽ മാത്രമാണ് ഇക്കാര്യത്തിൽ ഐ പി എല്ലിന് മുൻപിലുള്ളത്.എന്നാൽ റേറ്റിന്റെ കാര്യത്തിൽ ഐ പി എൽ ഇപ്പോഴും മറ്റു ലീഗുകൾക്ക് പിന്നിലാണ്. ഓരോ 10 സെക്കൻഡിനും 20 ലക്ഷം ലഭിക്കുമ്ബോൾ ഇംഗ്ലീഷ് പ്രീമിയർ ലീഗ്, എൻ എഫ് എൽ തുടങ്ങിയ ലീഗുകളിൽ അത് 80 ലക്ഷത്തിന് മുകളിലാണ്. അതുകൊണ്ട് തന്നെ ഇനിയും വളർച്ചയ്ക്കുള്ള സാധ്യത ഐ പി എല്ലിന് മുൻപിലുണ്ട്.




# ഐപിഎൽ 2023: ലേലം കൊച്ചിയിൽ 23ന് ; ലോകോത്തര താരങ്ങൾക്കൊപ്പം യുഎഇ ടീമംഗങ്ങളും

കൊച്ചി: ഇനി ഐപിഎല്ലിലെ താരലേലത്തിന്റെ ആരവം. കൊച്ചിയിൽ 23 വെള്ളിയാഴ്ചകുണ്ടന്നൂരിലെ ക്രൗൺ പ്ലാസ നക്ഷത്ര ഹോട്ടലിലാണ് ഇത്തവണത്തെ ഐപിഎൽ ലേലം നടക്കുന്നത്.വിദേശ താരങ്ങളിൽ ഏറ്റവും മികച്ച രണ്ട് ഓൾ റൗണ്ടർമാരില്ലെന്നത് ആരാധകരെ നിരാശരാക്കുകയാണ്. വിൻഡീസിന്റെ കരുത്തന്മാരായ പൊള്ളാർഡിനും ബ്രാവോയ്ക്കും പകരക്കാരെ തേടുകയാണ് രോഹിതിന്റെ മുംബൈയും ധോണിയുടെ ചെന്നൈയും.ലേലത്തിൽ ഉൾപ്പെട്ടവരിൽ ഏത് ടീമിലേക്ക് എന്ന് ഉറപ്പില്ലാത്തവരുമുണ്ട്. ലോകോത്തര ഓൾറൗണ്ടർമാരിൽ സാം കരൺ, ബെൻ സ്റ്റോക്സ്, കാമറൂൺ ഗ്രീൻ, നിക്കോളാസ് പൂരൻ, ഹാരീ ബ്രൂക്, മായങ്ക് അഗർവാൾ എന്നിവരും ലേലപട്ടികയിലുള്ളവരാണ്.ആദ്യമായി ഐപിഎല്ലിൽ ഉൾപ്പെട്ട സന്തോഷത്തിലാണ് യുഎഇ ടീമും അതിലെ മലയാളി നായകനായ റിസ്വാനും.ആറുപേരെയാണ് കഴിഞ്ഞ ടി20 ലോകകപ്പിലെ പ്രകടനത്തിന്റെ പശ്ചാത്തലത്തിൽ യുഎഇ ടീമിൽ നിന്നും ഐപിഎൽ പരിഗണിച്ചിരിക്കുന്നത്.യുഎഇ ഉപനായകൻ വൃത്യ്യ അരവിന്ദ്, കാർത്തിക് മെയ്യപ്പൻ, അയാൻ അഫ്സൽ ഖാൻ, അലിഷാൻ ഷറഫു, ബാസിൽ ഹമീദ് എന്നിവരാണ് ലേല പട്ടികയിൽ ഇടംനേടിയവർ. ഇതിൽ മലയാളികളായ റിസ്വാന്റേയും ബാസിലിന്റേയും അടിസ്ഥാന വില 30 ലക്ഷവും മറ്റ് നാലുപേരുടേത് 20 ലക്ഷവുമാണ്.

RNI No: KERMAL2018/76732. Printed, Published & Owned by K.K. Rajendran and printed at Oruma Printers & Publishers Ltd, Sree Sankara Industrial Estate, Chiyyaram P.O, Thrissur- 680026 Kerala, and published at Kayceekeyar Print and Visual Media Pvt. Ltd., Rohini Plaza, Masjid Road, Kokkalai, Thrissur - 680021,Kerala. Editor: K.K. Rajendran (Responsible for selection of news under PRB Act 1867), Executive Editor: K. R. Krishna Kumar. Phone: 0484-4865460. E-mail: centraldesknews@gmail.com Online & Epaper: www.keralapranamam.com